മി. സ്പീക്കർ: ഓർഡർ..... ഓർഡർ....... ചോദ്യം നമ്പർ (*61)

ക്ഷീര മേഖലയിലെ പ്രതിസന്ധി പരിഹരിക്കാൻ നടപടി

1 (*61) ഡോ. എം.കെ. മുനീർ:
ശ്രീ. പി. ഉബൈദുള്ള:
ശ്രീ. പി.കെ. ബഷീർ:
ശ്രീ. കെ. എൻ.എ.ഖാദർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാലിത്തീറ്റയ്ക്ക് അടിക്കടി ഉണ്ടാകുന്ന വിലവർദ്ധനവുമൂലം ക്ഷീര മേഖലയിൽ ഉണ്ടായികൊണ്ടിരിക്കുന്ന പ്രതിസന്ധി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) സബ്സിഡി നിരക്കിൽ ക്ഷീരസംഘങ്ങൾ വഴി കാലിത്തീറ്റ വിതരണം ചെയ്യുന്നതിന് നടപടി സ്വീകരിക്കുമോ;

(സി) മൃഗാശുപത്രികളിൽ ന്യായവില മെഡിക്കൽ സ്റ്റോർ തുടങ്ങുന്ന കാര്യം പരിഗണിക്കുമോ എന്ന് അറിയിക്കുമോ?

വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി (ശ്രീ. കെ. രാജു): സർ,

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതി വിഹിതത്തിൽ

നിന്നും ഇത്തരം പദ്ധതികൾ നടപ്പിലാക്കി വരുന്നു.

(സി) മൃഗാശുപത്രികളിൽ ന്യായവില മെഡിക്കൽ സ്റ്റോറുകൾ തുടങ്ങുന്നത് പ്രായോഗികമല്ല. നിലവിൽ തിരുവനന്തപുരം, കൊല്ലം ജില്ലകളിൽ ജില്ലാ പഞ്ചായത്തിന്റെ സഹകരണത്തോടെ ജില്ലാ വെറ്ററിനറി കേന്ദ്രങ്ങളോട് അനുബന്ധിച്ച് ന്യായവില മെഡിക്കൽ സ്റ്റോറുകൾ പ്രവർത്തിച്ചുവരുന്നു. ഇത് എല്ലാ ജില്ലാ ജില്ലകളിലും നടപ്പിലാക്കുന്നത് പരിഗണനയിലാണ്.

ഡോ. എം. കെ. മുനീർ: സർ, സ്വകാര്യ കാലിത്തീറ്റകളുടെ ഗുണനിലവാരം പരിശോധിക്കുന്നതിന് ഗവൺമെന്റുതലത്തിൽ ഏതെല്ലാം തരത്തിലുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്?

ശ്രീ. കെ. രാജു: സർ, കാലിത്തീറ്റയ്ക്ക് അടിക്കടി വില വർദ്ധിപ്പിക്കുന്ന രീതിയും സ്വകാര്യ കാലിത്തീറ്റ സ്ഥാപനങ്ങൾക്കുണ്ട്. കാലിത്തീറ്റകൾ അതാത് നിർമ്മാണ സ്ഥലത്തുതന്നെ പരിശോധിച്ച് കൊണ്ടുവരുന്നതിനപ്പുറം പരിശോധനയ്ക്കുവേണ്ടിയിട്ടുള്ള സംവിധാനം നിലവിലില്ല എന്നുള്ളതാണ് യാഥർത്ഥ്യം. എന്നാൽ പൊതു ഉടമസ്ഥതയിലുള്ള മിൽമ, കേരള ഫീഡ്സ് തുടങ്ങിയ സ്ഥാപനങ്ങളിൽ കൃത്യമായ പരിശോധന നടത്തിയാണ് കാലിത്തീറ്റ വിതരണം നടത്തുന്നത്.

ഡോ. എം. കെ. മുനീർ: സർ, നാടൻ, തനിനാടൻ എന്നീ ബ്രാന്റുകളിൽ വിപണിയിൽ ലഭിക്കുന്ന കവർ പാലുകളുടെ ഉറവിടം, ഗുണനിലവാരം എന്നിവ സർക്കാർ തലത്തിൽ എങ്ങനെയാണ് പരിശോധിക്കുന്നത്?

ശ്രീ. കെ. രാജു: സർ, അന്യ സംസ്ഥാനങ്ങളിൽ നിന്നും നമ്മുടെ ചെക്ക്പോസ്റ്റ് വഴി കടന്നുവരുന്ന പാലിന്റെ ഗുണമേന്മ പരിശോധിക്കുന്നതിന് ഇപ്പോൾ മൂന്ന് ചെക്ക് പോസ്റ്റുകൾ ആരംഭിച്ചിട്ടുണ്ട്. ഇതിൽ രണ്ട് ചെക്ക് പോസ്റ്റുകളുടെ പ്രവർത്തനം തുടങ്ങി. ഒന്നുകൂടി ഇപ്പോൾ പ്രവർത്തനം ആരംഭിക്കുന്ന നിലയിലാണ്. ഒന്ന്, പാലക്കാട് ജില്ലയിലെ മീനാക്ഷിപുരം, രണ്ട്, കൊല്ലം ജില്ലയിലെ ആര്യങ്കാവ്, മൂന്നാമത്തേത് പാറശ്ശാലയിലാണ്. ഈ മൂന്ന് ചെക്ക്പോസ്റ്റുകൾ മാത്രമാണ് ഇപ്പോൾ പ്രവർത്തിക്കാൻ കഴിയുന്ന നിലയിലുള്ളത്. എന്നാൽ മറ്റ് ചെക്ക് പോസ്റ്റുകളിൽ കൂടിയും ധാരാളം അന്യ സംസ്ഥാന പാൽ കടന്നുവരുന്നുണ്ട്. അതിന്റെ ഗുണനിലവാരം പരിശോധിക്കാനുള്ള സംവിധാനം നമുക്കില്ല. എന്നാൽ ഓണം, ക്രിസ്തുമസ്, റംസാൻ തുടങ്ങിയ പ്രത്യേക ഉത്സവ സീസണുകളിൽ കടന്നുവരുന്ന പാൽ പരിശോധിക്കാൻ അഞ്ച് ദിവസത്തേയ്ക്ക്, മൂന്ന് ദിവസത്തേയ്ക്ക് എന്നിങ്ങനെ താല്ക്കാലിക സംവിധാനം ഉണ്ടാക്കാറുണ്ട്. അതിനപ്പുറത്തേയ്ക്കൊരു

പരിശോധന നടത്താനുള്ള സംവിധാനം നമുക്കില്ല. ചെക്ക് പോസ്റ്റിലെ സംവിധാനം ഉറപ്പാക്കുക എന്നുള്ളതാണ് ഏറ്റവും പ്രധാനപ്പെട്ട സംഗതി. സംസ്ഥാനത്ത് ക്ഷീരസംഘങ്ങൾ വിതരണം ചെയ്യുന്ന പാലായാലും, മിൽമ വിതരണം ചെയ്യുന്ന പാലായാലും ഗുണനിലവാരം ഉറപ്പാക്കിയ ശേഷമാണ് വിതരണം ചെയ്യുന്നത്.

ശ്രീ. പി. ഉബൈദുള്ള: സർ, നേരത്തെ പൊതുമേഖലാ സ്ഥാപനങ്ങളായ കേരള ഫീഡ്സും മിൽമയുമൊക്കെ പാലിന്റെ വില നിശ്ചയിച്ചിരുന്നത് സർക്കാരിന്റെ അനുമതിയോടുകൂടിയായിരുന്നു. ഇപ്പോൾ സർക്കാരിന്റെ നിയന്ത്രണമൊക്കെ എടുത്തുകളഞ്ഞ് കാലിത്തീറ്റയുടെ വില അവർ തോന്നിയതുപോലെയാണ് നിശ്ചയിച്ചിരിക്കുന്നത്. എന്നാൽ പ്രൈവറ്റ് മേഖലയിൽ ഇതിനെക്കാൾ കുറഞ്ഞ വിലയ്ക്ക് കാലിത്തീറ്റ ലഭ്യമാക്കുകയാണ്. അതുകൊണ്ട് സർക്കാർ മിൽമയുടെയും കേരള ഫീഡ്സിന്റെയും വില നിശ്ചയിക്കുന്നത് തുടർന്നും നടപ്പാക്കുമോ; അതോടൊപ്പം ഒരു പ്രധാനപ്പെട്ട വിഷയം, തീറ്റപ്പുല്ലിന്റെ ലഭ്യതകുറവാണ്. ഇവിടെ തീറ്റപ്പുല്ല് വേണ്ട രീതിയിൽ കിട്ടുന്നില്ല. സംസ്ഥാന സർക്കാരിന്റെ നിയന്ത്രണത്തിലുള്ള 44 സീഡ് ഫാമുകൾ നമ്മുടെ സംസ്ഥാനത്തുണ്ട്. ആ സീഡ് ഫാമുകളിൽ പലപ്പോഴും ഒന്നോ രണ്ടോ

വിളവെടുപ്പ് കഴിഞ്ഞ് ബാക്കി സമയം ആ ഭൂമി തരിശ്ശായി കിടക്കുകയാണ്. സർക്കാർ നിയന്ത്രണത്തിലുള്ള സീഡ് ഫാമുകളിലെ തരിശായി കിടക്കുന്ന ഭൂമിയിൽ തീറ്റപുല്ല് കൃഷി ചെയ്യാനാവശ്യമായ നടപടി സ്വീകരിക്കുമോ?

ശ്രീ. കെ. രാജു: സർ, പൊതുമേഖലാ സ്ഥാപനങ്ങളെന്ന രീതിയിൽ കേരള ഫീഡ്സും മിൽമയും ഓപ്പൺ കമ്പോളത്തിൽ മറ്റ് സ്വകാര്യ സ്ഥാപനങ്ങൾ വിൽക്കുന്നതിനെക്കാൾ വില കുറച്ചാണ് കാലിത്തീറ്റ വിതരണം നടത്തുന്നത്. ഗവൺമെന്റിന്റെ പ്രത്യേക നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിലാണ് അവർ അങ്ങനെ ചെയ്യുന്നത്. അതുകൊണ്ടുതന്നെ കേരളാ ഫീഡ്സ് സഞ്ചിതമായ നഷ്ടത്തിലാണ് ഇപ്പോൾ പ്രവർത്തിക്കുന്നത്. എങ്കിൽ പോലും അതിന്റെ പ്രവർത്തനം മെച്ചപ്പെട്ടുവരികയാണ്. ഇപ്പോൾ രണ്ട് പ്ലാന്റുകൾ കൂടി പുതിയതായി പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. അതുകൂടി വരുമ്പോൾ കാലിത്തീറ്റയുടെ ഡിമാന്റ് നല്ലതുപോലെ മീറ്റ് ചെയ്യാൻ പൊതു മേഖലാസ്ഥാപനങ്ങൾക്ക് കഴിയുന്ന സ്ഥിതി വരും. അപ്പോൾ മാത്രമേ സ്വകാര്യ കമ്പനികളുടെ ഉല്പന്നവുമായി കോംപീറ്റ് ചെയ്യാൻ കമ്പോളത്തിന് കഴിയുകയുള്ളൂ. വിലകുറച്ച് കർഷകർക്ക് കിട്ടുക എന്ന ലക്ഷ്യത്തോടുകൂടിയാണ് കാലിത്തീറ്റയ്ക്ക് സബ്സിഡി ഏർപ്പെടുത്തിയിരിക്കുന്ന ഒരു പദ്ധതി

നടപ്പിലാക്കിയിരിക്കുന്നത്. സൊസൈറ്റികളിൽ പാൽ അളക്കുന്ന കർഷകന് കാലിത്തീറ്റ സബ്സിഡിയായി ലഭിക്കുന്ന പദ്ധതിയാണ് നടപ്പിലാക്കുന്നത്. അതുവഴി കർഷകർക്ക് ന്യായമായ വിലയ്ക്ക് കാലിത്തീറ്റ കിട്ടുമെന്ന് ഉറപ്പ് വരുത്തിയിട്ടുണ്ട്. വില നിശ്ചയിക്കാനുള്ള അവകാശം സ്വകാര്യ കമ്പനിക്കാർക്കുള്ളതാണ്. പാലിന്റെ വില നിശ്ചയിക്കാൻ പോലും ഗവൺമെന്റിന് അവകാശമില്ലെന്നാണ് നിലവിലുള്ള ഹൈക്കോടതിയുടെ വിധി. ഹൈക്കോടതി വിധി അനുസരിച്ച് മിൽമയ്ക്ക് സ്വന്തമായി പാലിന്റെ വില നിശ്ചയിക്കാം. ഗവൺമെന്റിന് അതിൽ നിയന്ത്രണമില്ലെന്നാണ് പറയപ്പെടുന്നത്. എങ്കിൽ പോലും ഗവൺമെന്റ് ഗ്രാന്റ് കൊടുക്കുന്ന ഒരു സ്ഥാപനമെന്ന നിലയിൽ അവരുമായി ആലോചിച്ച് അമിതമായി വില വർദ്ധിപ്പിക്കാത്ത രീതിയിൽ, എന്നാൽ ആവശ്യത്തിനുമാത്രം വില വർദ്ധിപ്പിക്കുന്ന ഒരു നിലയിലാണ് കാര്യങ്ങൾ നടത്തികൊണ്ടുപോകുന്നത്.

ശ്രീ. പി. കെ. ബഷീറിനുവേണ്ടി (ശ്രീ. എം. ഉമ്മർ): സർ, ചെറുകിട നാമമാത്ര കർഷകരും ഭൂരഹിതരായ തൊഴിലാളികളുമാണ് കാലിവളർത്തുന്നതിൽ അധികവും. ഇവരെ സംബന്ധിച്ചിടത്തോളം ഇപ്പോഴുണ്ടായിട്ടുള്ള വിലവർദ്ധനവ് താങ്ങാൻ കഴിയാത്തതാണ്. പിണ്ണാക്കിന്റെ

വില 11. 48 ശതമാനവും തേങ്ങാ പിണ്ണാക്കിന്റെ വില 7.79 ശതമാനവും എള്ളിൻ പിണ്ണാക്കിന്റെ വില 7.6 ശതമാനവും വർദ്ധിച്ചു. സംസ്ഥാനത്ത് പരമ്പാരഗതമായുണ്ടായിരുന്ന കാലിത്തീറ്റയുടെ ഉല്പാദനം 2015-2016-ൽ 3.97 മെട്രിക് ടൺ ഉണ്ടായിരുന്ന സ്ഥാനത്ത് 2016-2017 ആയപ്പോൾ 3.7 മെട്രിക് ടണ്ണായി ചുരുങ്ങിയിരിക്കുകയാണ്. പരമ്പരാഗതമായി പുല്ലുപോലെയുള്ളവയുടെ ഉല്പാദനം കുറയുകയും ലഭ്യമാകുന്നതിന്റെ വില കൂടുകയും ചെയ്തപ്പോൾ പാവപ്പെട്ട നാമമാത്ര കർഷകർക്ക് പിടിച്ചുനിൽക്കാൻ കഴിയാത്ത പ്രയാസകരമായ സ്ഥിതിയാണുണ്ടായത്. ഇത് പരിഹരിക്കുന്നതിനുവേണ്ടി ഗവൺമെന്റ് ഇടപെട്ട് സബ്സിഡി കൂട്ടി വിതരണം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്ന് അപേക്ഷിക്കുന്നു.

<u>ശ്രീ. കെ. രാജു</u>: സർ, ക്ഷീര കർഷകരെ സംരക്ഷിക്കുന്നതിനുവേണ്ടി ഈ ഗവൺമെന്റ് നിരവധി പദ്ധതികളാണ് നടപ്പിലാക്കിയിരിക്കുന്നത്. അതിന്റെ ഭാഗമായി ക്ഷീര കർഷകർ ആ മേഖലയിൽ ആത്മവിശ്വാസത്തോടുകൂടി മുന്നോട്ട് പോകുന്നുണ്ട്. രണ്ട് വർഷം കൊണ്ട് പാലുൽപ്പാദനത്തിൽ ഏതാണ്ട് 18 ശതമാനത്തോളം വർദ്ധനവ് വരുത്താൻ കേരളത്തിന് കഴിഞ്ഞിട്ടുണ്ട്. ഈ നിലയിൽ മുന്നോട്ടുപോയാൽ വർഷാവസാനമാകുമ്പോഴേയ്ക്കും പാലിന്റെ

കാര്യത്തിൽ കേരളം സ്വയംപര്യാപ്തത നേടും, അതൊരു വലിയ നേട്ടമായിരിക്കും. കർഷകരുടെ ബുദ്ധിമുട്ട് പരിഗണിച്ചുതന്നെയാണ് പല പദ്ധതികളും നടപ്പിലാക്കിയത്. അതിലൊന്നാണ് ക്യാറ്റിൽ ഫീഡ് സബ്സിഡി. ക്ഷീര സഹകരണ സംഘങ്ങളിൽ പാൽ അളക്കുന്ന കർഷകർക്ക്, ലിറ്ററിന് ഒരു രൂപ വച്ച് സബ്സിഡിയായി അവരുടെ അക്കൗണ്ടിലൂടെ നൽകുന്നുണ്ട്. കഴിഞ്ഞ വർഷം 1400 ലക്ഷം രൂപ, അതായത് 14 കോടി രൂപയാണ് ക്ഷീര കർഷകർക്ക് സബ്സിഡി ഇനത്തിൽ കൊടുത്തത്. ഇത് ഗവൺമെന്റ് നൽകുന്ന സബ്സിഡിയാണ്. കഴിഞ്ഞ രണ്ട് വർഷത്തെ ചരിത്രം പരിശോധിച്ചാൽ, ഗവൺമെന്റിന്റെ നിർദ്ദേശത്തിന്റെ ഭാഗമായി കേരളത്തിലെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ മുഴുവൻ ക്ഷീര കർഷകരെയും പദ്ധതിയിൽ ഉൾപ്പെടുത്തി ഒരു രൂപയ്ക്ക് പുറമെ അധീഷണലായി സബ്സിഡിയും നൽകി വരുന്നു. അങ്ങനെ ഒരു ലിറ്റർ പാലിന് വിലയോടൊപ്പം നാല് രൂപ വരെ അധീഷണലായി കർഷകർക്ക് ലഭ്യമാകുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. മാത്രമല്ല, പാലിന്റെ വില ശാസ്ത്രീയമായി പരിഷ്കരിക്കുകയും ചെയ്തിട്ടുണ്ട്. ഈ ഗവൺമെന്റ് വന്നതിനുശേഷം ഒരു ലിറ്റർ പാലിന് നാല് രൂപ വിലകൂട്ടിയിട്ടുണ്ട്.

ശ്രീ. എം. ഉമ്മർ: പാൽ ഉല്പാദനത്തിന്റെ കാര്യമല്ല ഞാൻ ചോദിച്ചത്.

ശ്രീ. കെ. രാജു: അങ്ങ് ചോദിച്ചത് ക്ഷീര കർഷകരുടെ ബുദ്ധിമുട്ടുകളെ സംബന്ധിച്ചും തീറ്റ പുൽകൃഷിയെ സംബന്ധിച്ചുമാണ്. കാലിത്തീറ്റയുടെ കാര്യം പറയുകയാണെങ്കിൽ, കന്നുകാലികളുടെ പാലുൽപ്പാദനത്തിന് ഏറ്റവും പ്രയോജനപ്രദമായ ഒന്ന് തീറ്റപുല്ല് തന്നെയാണ്. അതുകൊണ്ടുതന്നെ തീറ്റപുല്ല് ഉല്പാദനത്തിൽ വർദ്ധനവുണ്ടാക്കാൻ കഴിയത്തക്ക രീതിയിലുള്ള നിരവധി പദ്ധതികൾ വകുപ്പ് നടപ്പിലാക്കുകയാണ്. കാലിത്തീറ്റയുടെ വിലയിൽ വർദ്ധനവുണ്ടാകുന്നുവെന്ന കാര്യം ഞാൻ സമ്മതിക്കുന്നു. കമ്പോളത്തിൽ കാലിത്തീറ്റയുടെ വില കൂടിയിട്ടുണ്ട്. അതുകൊണ്ടാണ് കേരള ഫീഡ്സും മിൽമയും കമ്പോള വിലയെക്കാൾ കുറച്ച് കർഷകർക്ക് കാലിത്തീറ്റ എത്തിച്ചുകൊടുക്കുന്ന പദ്ധതിയുമായി മുന്നോട്ടുപോകുന്നത്. അതുപോലെതന്നെ കർഷകർക്ക് സബ്സിഡി നൽകുന്നതും പാൽ വില വർദ്ധിപ്പിച്ചു നൽകുന്നതുമെല്ലാം കാലിത്തീറ്റയുടെ വിലവർദ്ധനവ് അടക്കമുള്ള സംഗതികൾ നേരിടുന്നതിനുവേണ്ടി ഗവൺമെന്റ് നൽകുന്ന ധനസഹായങ്ങളാണ്. അതുകൊണ്ടുതന്നെയാണ് പാലിന്റെ കാര്യത്തിൽ നാം ഇന്ന് സ്വയം പര്യാപ്തതയിലേക്ക് നീങ്ങികൊണ്ടിരിക്കുന്നത്.

ശ്രീ. കെ. എൻ. എ. ഖാദർ: സർ, മലപ്പുറം ജില്ലയിലെ മൂർക്കനാട് പഞ്ചായത്തിൽ വളരെ വിലകൂടിയ ഭൂമി വകുപ്പ് ഏറ്റെടുത്തിട്ടുണ്ടെന്നും അത് മിൽമ പ്ലാന്റിനുവേണ്ടിയാണെന്നുമാണ് ഞാൻ മനസ്സിലാക്കിയത്. ആ സ്ഥലത്ത് എന്ത് ചെയ്യാനാണ് ഉദ്ദേശിക്കുന്നത്, അവിടെ തുടർനടപടികൾ സ്വീകരിച്ചിട്ടുണ്ടോ? അതിനുവേണ്ടി എത്ര തുക മുടക്കാനാണ് ഗവൺമെന്റ് ഉദ്ദേശിക്കുന്നത്? അങ്ങനെയൊരു ഭൂമി ഏറ്റെടുത്തതിനെക്കുറിച്ചും അത് കൂടിയ വിലയ്ക്കാണ് ഏറ്റെടുത്തതെന്ന പരാതികളും മലയാള മനോരമയുടെ ചാനലിൽ വന്നിരുന്നു. ആ സ്ഥലം എന്തിനാണ് ഏറ്റെടുത്തത്, അവിടെ ബാക്കി നടപടികൾ എന്നു സ്വീകരിക്കുമെന്ന് വിശദീകരിക്കാമോ?

ശ്രീ. കെ. രാജു: സർ, മലപ്പുറം ജില്ലയിൽ ഒരു ജില്ലാ ഡയറി മിൽമയുടെ ആഭിമുഖ്യത്തിൽ സ്ഥാപിക്കുന്നതിനുവേണ്ടിയാണ് മൂർക്കനാട് പഞ്ചായത്തിൽ സ്ഥലം ഏറ്റെടുത്തതെന്നാണ് ഞാൻ മനസ്സിലാക്കിയിട്ടുള്ളത്. അങ്ങൊരു പ്രത്യേക ചോദ്യം തന്നാൽ അതിന്റെ മറ്റു വിശദാംശങ്ങൾ അറിയിക്കാം.

ശ്രീ. ചിറ്റയം ഗോപകുമാർ: സർ, കന്നുകാലികളിൽ വ്യാപകമായി പടർന്നു പിടിക്കുന്ന വിവിധ രോഗങ്ങൾ തടയുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ട ഒരു കാലഘട്ടമാണ്. അതിനുവേണ്ടിയിട്ടുള്ള നടപടികൾ

സർക്കാർ സ്വീകരിച്ചിട്ടുണ്ടോ? മൃഗാശുപത്രികളിൽ ആവശ്യാനുസരണം മരുന്ന് ലഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടോ?

ശ്രീ. കെ. രാജു: സർ, ഇവിടെ പ്രധാന ചോദ്യത്തിൽ ആവശ്യപ്പെട്ടിരിക്കുന്നത്, എല്ലാ ആശുപത്രികളിലും ന്യായവില ഷോപ്പ് ആരംഭിക്കണമെന്നാണ്, അത് പ്രായോഗികമല്ല. വെറ്ററിനറി കേന്ദ്രത്തോട് അനുബന്ധിച്ച് ജില്ലാ പഞ്ചായത്തുകളുടെ സഹകരണത്തോടുകൂടി ഒരു ന്യായവില വെറ്ററിനറി ഷോപ്പ് എല്ലാ ജില്ലയിലും ആരംഭിക്കാനാണ് പരിശ്രമിക്കുന്നത്. കൊല്ലം, തിരുവനന്തപുരം ജില്ലകളിൽ ആരംഭിച്ചിട്ടുണ്ട്. അത് വളരെ പ്രയോജനകരമാണെന്നും കണ്ടിട്ടുണ്ട്. ബാക്കിയുള്ള സ്ഥലത്തും അത് നടപ്പിലാക്കുന്നത് സംബന്ധിച്ച് ആലോചിക്കുന്നതാണ്. മറ്റൊന്ന്, ഗ്രാമപഞ്ചായത്തുകളുടെ നിയന്ത്രണത്തിലാണ് ഡിസ്പെൻസറികൾ വരുന്നതെന്നുള്ളതുകൊണ്ട് ആശുപത്രികൾക്കാവശ്യമായ മരുന്ന് ലഭ്യമാക്കാൻ അവരുടെ പ്ലാൻ ഫണ്ടിൽ നിന്നും തുക ലഭ്യമാക്കുന്നുണ്ട്, അതനുസരിച്ച് മരുന്ന് വാങ്ങി നൽകുന്നുമുണ്ട്. കൂടുതൽ മരുന്ന് ലഭ്യതയ്ക്കുവേണ്ടി ആവശ്യമായ നടപടികൾ സർക്കാർ സ്വീകരിക്കുന്നുണ്ട്.

ശ്രീ. വി. ഡി. സതീശൻ: സർ, പാലിന് വിലകൂട്ടുന്നത് യഥാർത്ഥത്തിൽ

കർഷകരെ രക്ഷിക്കുന്നതിനുവേണ്ടിയാണ്. ഇപ്പോൾ കണ്ടുവരുന്ന ഒരു പ്രവണത എപ്പോൾ പാലിന് വില കൂട്ടിയാലും അതിനേക്കാൾ കൂടുതൽ കാലിത്തീറ്റയ്ക്ക് വില വർദ്ധിപ്പിക്കാൻ വേണ്ടി സ്വകാര്യ കമ്പനികൾ കാത്തിരിക്കുകയാണ്. ഒരു ലിറ്റർ പാലിന് ഒരു രൂപ കൂട്ടിയാൽ ദിവസേന ഒരു പശുവിൽ നിന്ന് അഞ്ച് ലിറ്റർ പാൽ ലഭിക്കുന്ന ഒരു കർഷകന് ഒരാഴ്ച 35 രൂപയാണ് കൂടുതലായി കിട്ടുന്നത്. ഒരാഴ്ച 35 രൂപ കൂടുതലായി ഒരു കർഷകന് കിട്ടുമ്പോൾ കാലിത്തീറ്റയ്ക്ക് സ്വകാര്യ കമ്പനികൾ 50 രൂപയാണ് വർദ്ധിപ്പിക്കുന്നത്. പാലിന്റെ വില വർദ്ധിപ്പിക്കുമ്പോൾ അതിന്റെ ഗുണം കർഷകന് കിട്ടാത്ത സ്ഥിതിയാണ്. ഈ വില നിയന്ത്രിക്കാൻ സർക്കാരിന് കഴിയുന്നില്ല. കാരണം, സർക്കാർ കമ്പനികളും സ്വകാര്യ കമ്പനികളും വില കൂട്ടുന്നതിനുവേണ്ടി നോക്കിയിരിക്കുകയാണ്. അതുകൊണ്ട് കാലത്തീറ്റയുടെ മാർക്കറ്റ് ഷെയർ സർക്കാരിന്റെ വിഹിതം വർദ്ധിപ്പിക്കുന്നതിനും സർക്കാരിന് മാർക്കറ്റ് വിലയെ നിയന്ത്രിക്കാൻ കഴിയുന്ന ഒരു സാഹചര്യത്തിലേയ്ക്കും കൊണ്ടുവന്നാൽ മാത്രമേ കർഷകർക്ക് രക്ഷയുള്ളൂ. അതിന് അനുകൂലമായ നടപടികൾ സർക്കാരിന്റെ ഭാഗത്തുനിന്നും ഉണ്ടാകുമോ?

<u>ശ്രീ. കെ. രാജു</u>: സർ, കമ്പോളങ്ങളിൽ, കർഷകർക്ക് ആവശ്യമുള്ള

കാലിത്തീറ്റ ലഭ്യമാക്കാൻ കഴിയത്തക്ക രീതിയിൽ പൊതുമേഖലയിൽ ഉൽപ്പാദനം വർദ്ധിപ്പിക്കാനാണ് ഗവൺമെന്റ് ശ്രമിക്കുന്നത്. അതിന്റെ ഭാഗമായി കോഴിക്കോട് പുതിയൊരു പ്ലാന്റിന്റെ പ്രവർത്തനം ആരംഭിച്ചു. 500 ടണ്ണാണ് അതിന്റെ കപ്പാസിറ്റി, ഇപ്പോൾ 300 ടൺവരെ ആയി, 500 ടൺ വരെയെത്തിയാൽ മലബാർ മേഖലയിലെ കർഷകരുടെ ആവശ്യങ്ങൾ ഒരുപരിധിവരെ പരിഹരിക്കാൻ കഴിയും. തൊടുപുഴയിൽ 500 ടൺ കപ്പാസിറ്റിയുള്ള ഒരു കാലിത്തീറ്റ പ്ലാന്റിന്റെ നിർമ്മാണം 90% പൂർത്തീകരിച്ചു. കഴിഞ്ഞ രണ്ടാഴ്ച മുമ്പ് ഞാൻ അവിടെപ്പോയി പരിശോധന നടത്തിയിരുന്നു. താമസിയാതെ തന്നെ ആ പ്ലാന്റിൽ ഉൽപ്പാദനം ആരംഭിക്കും. കരുനാഗപ്പള്ളിയിലും കല്ലേറ്റുംകരയിലുമുള്ള പ്ലാന്റുകൾ ഫുൾകപ്പാസിറ്റിയിൽ പ്രവർത്തിക്കണം. അവിടെയും ഫുൾകപ്പാസിറ്റിയിൽ ഉൽപ്പാദനം നടക്കുന്നില്ല. അങ്ങനെ വന്നാൽ പൊതുമേഖലയിൽ നിന്നും ഉൽപ്പാദിപ്പിച്ച് ന്യായമായ വിലയ്ക്ക് ഗുണമേന്മയുള്ള കാലിത്തീറ്റ കമ്പോളങ്ങളിൽ കൊടുക്കാൻ കഴിയും. അങ്ങനെ സ്വകാര്യ കമ്പനികളുമായി നേരിടാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്. പാൽ വില വർദ്ധിക്കുന്നതുമായി ബന്ധപ്പെട്ട് അങ്ങ് സൂചിപ്പിച്ചു, പാൽ വില കൂട്ടിക്കൊടുത്താലുടൻ തന്നെ ഉൽപ്പാദകർ

കാലിത്തീറ്റയുടെ വിലയും കൂട്ടും. അപ്പോൾ യഥാർത്ഥത്തിൽ ഗുണം കർഷകന് കിട്ടുകയില്ലന്ന് പറഞ്ഞത് ശരിയാണ്. എന്നാൽ ഈ ഗവൺമെന്റ് ഒരു ലിറ്റർ പാലിന് 4 രൂപ വർദ്ധിപ്പിച്ചപ്പോൾ അതിന്റെ ഭൂരിഭാഗം പങ്കും കർഷകന് കിട്ടുമെന്ന് ഉറപ്പാക്കിക്കൊണ്ടാണ് ഈ പ്രാവശ്യം വർദ്ധനവ് നടപ്പിലാക്കിയത്. അതിന്റെ ഫലമായി കാലിത്തീറ്റയ്ക്ക് അടിക്കടിയുണ്ടാകുന്ന വിലവർദ്ധനവിനനുസൃതമായി പാലിന്റെ സംഭരണ വില ശാസ്ത്രീയമായി പരിഷ്കരിക്കണമെന്ന് തീരുമാനിച്ചു. ക്ഷീര സംഘങ്ങളിൽ കർഷകർ അളക്കുന്ന പാലിന് അതിൽ അടങ്ങിയിരിക്കുന്ന കൊഴുപ്പിന്റേയും കൊഴുപ്പിതര പദാർത്ഥങ്ങളുടേയും അടിസ്ഥാനത്തിൽ ദ്വിമുഖ വില സമ്പ്രദായമാണ് നാം ഇപ്പോൾ നടപ്പിലാക്കുന്നത്. അതിന്റെയടിസ്ഥാനത്തിൽ 2017 ഫെബ്രുവരി 11-ന് പാൽ വില ചാർട്ട് പരിഷ്കരിച്ചു. ആ ചാർട്ട് പരിഷ്കരിച്ചതിന്റെ ഫലമായി മിൽമ വിൽക്കുന്ന പാലിന് 4 രൂപ വർദ്ധിപ്പിച്ചപ്പോൾ ആ വർദ്ധനവിനുമുമ്പ് 3.5 ശതമാനമായിരുന്ന ഫാറ്റിന്റെ അളവെങ്കിൽ അത് 3 ശതമാനമായിക്കുറച്ചു. അതുകൊണ്ട് കൂടുതൽ കർഷകർക്ക് മെച്ചപ്പെട്ട വില ലഭിക്കുന്ന നിലയിലേയ്ക്ക് വന്നു. 4 രൂപ വർദ്ധിപ്പിച്ചപ്പോൾ ഒരു ലിറ്റർ പാലിന് 4 രൂപ 4 പൈസ വരെ കർഷകന് ഇപ്പോൾ അധികമായി ലഭിക്കുന്നുണ്ട്. അതാണ് ഇപ്പോൾ നമ്മൾ

നടപ്പിലാക്കിയ ശാസ്ത്രീയമായ പരിഷ്കരണത്തിലൂടെ ഉണ്ടായിട്ടുള്ളത്.

ശ്രീ. എ. എൻ. ഷംസീർ: സർ, സംസ്ഥാന സർക്കാരിന്റെ നയപ്രഖ്യാപനത്തിൽ സംസ്ഥാനത്തെ പാലുൽപ്പാദനത്തിൽ സ്വയംപര്യാപ്തത നേടുമെന്ന് പ്രഖ്യാപിച്ചിട്ടുണ്ട്. അതിലേയ്ക്കുള്ള വലിയ മുന്നോട്ടു പോക്കാണ് സംസ്ഥാന സർക്കാർ നടത്തിക്കൊണ്ടിരിക്കുന്നത്, ആ ശ്രമങ്ങളെ അഭിനന്ദിക്കുന്നു. പാലുൽപ്പാദിപ്പിച്ചതുകൊണ്ടുമാത്രം സ്വയം പര്യാപ്തതയാകില്ല. ഇപ്പോഴും നമ്മുടെ സംസ്ഥാനത്ത് കന്നുകുട്ടികളേയും മറ്റും കൊണ്ടുവരുന്നത് തമിഴ്നാട്ടിൽ നിന്നാണ്. കന്നുകുട്ടികളെ ഇവിടെ ഉൽപ്പാദിപ്പിക്കാൻ ആവശ്യമായ രീതിയിലുള്ള പ്രവർത്തനം സർക്കാരിന്റെ ഭാഗത്തുനിന്നും ഉണ്ടാകുമോ?

ശ്രീ. കെ. രാജു: സർ, ബഹുമാനപ്പെട്ട അംഗം സൂചിപ്പിച്ചതുപോലെ പാലിന്റെ ഉൽപ്പാദനത്തിൽ നമ്മൾ വളരെ മുമ്പോട്ട് പോയിട്ടുണ്ട്. ഇപ്പോഴത്തെ നിലയിൽ മുന്നോട്ട് പോകുകയാണെങ്കിൽ ഈ വർഷം ഡിസംബറോടുകൂടി പാലിന്റെ കാര്യത്തിൽ കേരളം സ്വയംപര്യാപ്തത നേടും. പാലിന്റെ മാത്രം കാര്യത്തിൽ സ്വയംപര്യാപ്തത നേടുക എന്നതുമാത്രമല്ല ലക്ഷ്യം. മുട്ടയുടെയും അതുപോലെ ഇറച്ചിയുടെയുമൊക്കെ കാര്യത്തിലും സ്വയംപര്യാപ്തത നേടണം. അത് ലക്ഷ്യമിട്ടുകൊണ്ടാണ് മുട്ടക്കോഴികളുടെയും ഇറച്ചിക്കോഴികളുടെയും

ഉൽപ്പാദനം വർദ്ധിപ്പിക്കാൻ തീരുമാനിച്ചത്. കേരളത്തിൽ ഈ വർഷം കുടുംബശ്രീ മിഷനുമായി ചേർന്ന് മൃഗസംരക്ഷണ വകുപ്പും പൗൾട്രി ഡെവലപ്മെന്റ് കോർപ്പറേഷനും ആയിരം ഇറച്ചിക്കോഴികളെ ഉൽപ്പാദിപ്പിക്കുന്ന യൂണിറ്റുകൾ ആരംഭിക്കുന്നതിനുള്ള തീരുമാനമെടുത്തിട്ടുണ്ട്. അത് കാലക്രമേണ 5000 ആയി വർദ്ധിപ്പിക്കുകയെന്നുള്ളതാണ് ലക്ഷ്യം. നമുക്ക് ആവശ്യമുള്ള ഇറച്ചിയുടെയും മുട്ടയുടെയും കണക്ക് പരിശോധിക്കുമ്പോൾ വളരെക്കുറച്ച് മാത്രമേ നമ്മൾ ഉൽപ്പാദിപ്പിക്കുന്നുള്ളു. കാര്യക്ഷമമായ ഇടപെടൽ നടത്തി മുന്നോട്ടുപോയാൽ ആ രണ്ട് കാര്യത്തിലും സ്വയംപര്യാപ്തത ഒരുപക്ഷെ എത്തിയില്ലെങ്കിലും, നല്ല നിലയിൽ ഉൽപ്പാദന വർദ്ധനവുണ്ടാക്കാൻ കഴിയും. അതിനുള്ള പരിശ്രമമാണ് ഗവൺമെന്റ് നടത്തുന്നത്. കന്നുകുട്ടികളുടെ എണ്ണം വർദ്ധിപ്പിക്കുന്നതുമായി ബന്ധപ്പെട്ട വിഷയമാണ് ബഹുമാനപ്പെട്ട അംഗം സൂചിപ്പിച്ചത്. നമ്മൾ ഇപ്പോൾ നേരിടുന്ന വെല്ലുവിളി, പാലിന്റെ ഉൽപ്പാദനം വർദ്ധിക്കുന്നു പക്ഷെ കന്നുകാലികളുടെ എണ്ണം കുറയുന്നു. അതിൽ നമുക്ക് ഒരു മാറ്റം വേണമെങ്കിൽ കൂടുതൽ കന്നുകാലികളെ വളർത്താൻ നമ്മൾ തയ്യാറാകണം. ഒരു വീടായാൽ അവിടെ അഞ്ചോ പത്തോ കോഴി, അല്ലെങ്കിൽ ഒരു ആട്, പശു ഇതൊക്കെയായിരുന്നു കേരളത്തിലെ പഴയ സംസ്കാരം. ഇന്ന്

നമ്മുടെ സമൂഹം അതിൽ നിന്ന് മാറി. കർഷകർക്ക് ലാഭകരമായി ഇത് മുന്നോട്ട് കൊണ്ടുപോകാൻ കഴിയുമോയെന്നുള്ള ഭയം വന്നതുകൊണ്ട് ആദായമില്ലാത്ത സമയത്ത് 4 മാസം മുതൽ 30 മാസം വരെ പ്രായമുള്ള കിടാരികളെ അവർ ഡിസ്പോസ് ചെയ്യുകയാണ്. അതുകൊണ്ട് കർഷകർക്ക് പ്രോത്സാഹനം നൽകി കിടാരികളെ മെച്ചപ്പെട്ട നിലയിൽ വളർത്തുക എന്ന ലക്ഷ്യത്തോടുകൂടി പല പദ്ധതികളും ആവിഷ്കരിക്കുകയാണ്. അതിന്റെ ഭാഗമായി ഈ വർഷം നമ്മുടെ സംസ്ഥാനത്ത് കിടാരി പാർക്കുകൾ ആരംഭിക്കാൻ ആലോചിക്കുകയാണ്, അതിനാവശ്യമായ ഭരണാനുമതി കിട്ടിക്കഴിഞ്ഞു. ആദ്യം പരീക്ഷണാർത്ഥം 5 കിടാരി പാർക്ക്, ഒരു പാർക്കിൽ ഏറ്റവും കുറഞ്ഞത് 100 കിടാരികളെ സംരക്ഷിച്ച് വളർത്താനും ആ കിടാരികളെ കർഷകർക്ക് വളർത്തിക്കൊടുക്കാനുമാണ് ഉദ്ദേശിക്കുന്നത്. ആ നിലയിൽ കിടാരിപാർക്കുകൾ നല്ല നിലയിൽ നടത്തിക്കൊണ്ട് ഈ മേഖലയിൽ ഒരു വമ്പിച്ച മുന്നേറ്റമുണ്ടാക്കാനാണ് ഗവൺമെന്റ് ശ്രമിക്കുന്നത്.

<u>ശ്രീ. കെ. സി. ജോസഫ്</u>: സർ, ക്ഷീര മേഖലയിലെ മാറ്റങ്ങൾ വളരെ തൃപ്തികരമാണ്. കഴിഞ്ഞ ഗവണമെന്റിന്റെ കാലത്തുതന്നെ ക്ഷീരോല്പാദനത്തിൽ ഏതാണ്ട് സ്വയംപര്യാപ്തതയുടെ വക്കത്തെത്തിയതായിരുന്നു എന്ന കാര്യം

അങ്ങേയ്ക്ക് തന്നെ അറിയാം. അങ്ങ് ചുമതലയേറ്റ ശേഷം കാര്യങ്ങൾ നല്ല വിധത്തിൽ മുന്നോട്ട് കൊണ്ടുപോയി, ഈ മേഖലയ്ക്ക് നല്ല പ്രോത്സാഹനം കൊടുത്തു. ഇപ്പോൾ മലബാർ മേഖലയിലെ ക്ഷീരോല്പാദനം ആവശ്യത്തിലധികമാണ്. കേരളത്തിൽ പാൽ മാത്രമാണ് അഷ്വർ പ്രൈസുള്ള ഏക ഉല്പന്നം. ബാക്കി ഒരു ഉല്പന്നത്തിനും വിലസ്ഥിരതയില്ല. അതിന് കാരണം മിൽമയ്ക്ക് അവകാശം നൽകിയത് തന്നെയാണ്. ഗവൺമെന്റ് അപ്പീലുമായി പോകേണ്ടതില്ല, സർക്കാരല്ല പാലിന്റെ വില തീരുമാനിക്കേണ്ടത്, മിൽമയാണ് വില നിശ്ചയിക്കേണ്ടത് എന്നാണ് കഴിഞ്ഞ ഗവൺമെന്റ് തീരുമാനിച്ചത്. അതിന്റെ ഫലമായി വലിയ മാറ്റമുണ്ടായി, സ്വയംപര്യാപ്തതയിൽ എത്തിക്കൊണ്ടിരുന്നു. ഇപ്പോൾ ഉണ്ടാകുന്ന പ്രശ്നം പുതിയ തലമുറയ്ക്ക് കന്നുകാലി വളർത്തലിൽ താല്പര്യമില്ല, ഒരു ജനറേഷൻ മാറാൻ പോകുകയാണ്. കായികാദ്ധ്വാനം ആവശ്യമുള്ള ഒരു തൊഴിൽ ചെയ്യാനും ഇന്ന് മലയാളികൾ തയ്യാറല്ല, അത് ചെയ്യണമെങ്കിൽ ബംഗാളികളോ ബീഹാറികളോ വേണം. ആ സാഹചര്യത്തിൽ നമ്മൾ ആരംഭിച്ചിട്ടുള്ള സ്വയം പര്യാപ്തതയ്ക്കായുള്ള നീക്കം മുന്നോട്ട് പോകണമെങ്കിൽ പുതിയ തലമുറയെ ആകർഷിക്കാൻ സാധിക്കണം. അതിനുവേണ്ടിയുള്ള

നടപടികൾ സ്വീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ?

ശ്രീ. കെ. രാജു: സർ, ബഹുമാനപ്പെട്ട അംഗം പറഞ്ഞതുപോലെ മിൽമയ്ക്ക് തന്നെയാണ് ഇപ്പോഴും വില നിശ്ചയിക്കാനുള്ള അവകാശം. പക്ഷെ മിൽമയ്ക്ക് സ്വതന്ത്രമായി വില നിശ്ചയിക്കാനുള്ള അവകാശം വിട്ടുകൊടുക്കാതെ, അവരുമായി ചർച്ച നടത്തി വർദ്ധിപ്പിക്കുന്ന വിലയുടെ ബഹുഭൂരിപക്ഷം വരുന്ന വിലയും കർഷകന് ലഭ്യമാകുന്ന തരത്തിലുള്ള ഒത്തുതീർപ്പ് അവരുമായി ഉണ്ടാക്കിക്കൊണ്ടാണ് ഏറ്റവും അവസാനമായി വില വർദ്ധനവ് നടപ്പിലാക്കിയത്. അങ്ങനെ ശാസ്ത്രീയമായി വില വർദ്ധനവ് നടപ്പിലാക്കിയതുകൊണ്ടാണ് പാലിന് കൂടുതൽ വില കർഷകനിപ്പോൾ ലഭിക്കുന്നത്. അങ്ങ് സൂചിപ്പിച്ചതുപോലെ പുതിയ തലമുറയെ ഈ മേഖലയിലേയ്ക്ക് ആകർഷിക്കുന്നതിനായി നിരവധി പദ്ധതികളാണ് ഗവൺമെന്റ് ആവിഷ്കരിച്ചിട്ടുള്ളത്. സാധാരണഗതിയിൽ നിന്നും വ്യത്യസ്തമായി ഇപ്പോൾ ധാരാളം ചെറുപ്പക്കാർ ഈ മേഖലയിലേയ്ക്ക് കടന്നുവരുന്നുണ്ട്. വിദേശത്തുനിന്നും ജോലി നഷ്ടപ്പെട്ട് വരുന്നവരും അല്പസ്വൽപ്പം പണമുണ്ടാക്കി തിരിച്ചു വരുന്നവരുമെല്ലാം ഈ രംഗത്തേയ്ക്ക് കടന്നുവരുന്ന ഒരു നല്ല പ്രവണത കാണിക്കുന്നുണ്ട്. പത്ത് പശുക്കളും കൂടുതൽ സാദ്ധ്യതയുള്ളവർക്ക് ഇരുപത്

പശുക്കളുമടങ്ങുന്ന ചെറിയ യൂണിറ്റുകൾ അവർ ആരംഭിച്ചാൽ സാമ്പത്തിക സഹായമായി സബ്സിഡി നൽകുന്ന സ്കീം ഇപ്പോൾ നിലവിലുണ്ട്. ഇതിൽ സർക്കാരിന്റെയും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെയും സ്കീമുകളുമുണ്ട്. അതുകൂടാതെ ഇവർക്ക് മിൽക്കിംഗ് മെഷീൻ നൽകും. കറവ നടത്തുന്നതിനുള്ള ആളുകളെ കിട്ടുന്നത് ഇന്ന് പ്രയാസമുള്ള കാര്യമാണ്. നാലഞ്ച് പശുക്കളെങ്കിലുമുള്ളവർക്ക് മിൽക്കിംഗ് മെഷീൻ ഉപയോഗിക്കാം. ഒരു പശു മാത്രമുള്ള കർഷകന് മിൽക്കിംഗ് മെഷീൻ വാങ്ങുക എന്നത് അപ്രായോഗികമാണ്. കൂടുതൽ പശുക്കളെ വളർത്തുന്നവർക്ക് മിൽക്കിംഗ് മെഷീൻ വാങ്ങുന്നതിന് മിൽക്കിംഗ് മെഷീൻ ഒന്നിന് ഇരുപത്തയ്യായിരം രൂപ സബ്സിഡി കൊടുക്കുന്നുണ്ട്. ഈ രംഗത്തേയ്ക്ക് കടന്നു വരുന്നവർക്ക്, കാലിത്തീറ്റ, കാലിത്തൊഴുത്ത് തുടങ്ങിയ കാര്യങ്ങളിലെല്ലാം നിരവധി പദ്ധതികൾ നിലവിലുണ്ട്. അതുകൊണ്ട് ആത്മവിശ്വാസത്തോടെ ഈ രംഗത്തേയ്ക്ക് കടന്നുവരാം എന്നുള്ള സ്ഥിതി ഇപ്പോഴുണ്ട്. ഈ ഗവൺമെന്റ് സ്വീകരിച്ച അത്തരം നടപടികളുടെ ഫലമായാണ് ഈ മേഖല സ്വയം പര്യാപ്തതയിലേയ്ക്കെത്തിയത്. മലബാർ മേഖല ഇപ്പോൾ തന്നെ പാലിന്റെ കാര്യത്തിൽ സ്വയംപര്യാപ്തമായി എന്ന് അങ്ങ് പറഞ്ഞത് ശരിയാണ്.

പ്രത്യേകിച്ച് മിൽമ അവരുടെ മാക്സിമം കപ്പാസിറ്റിയിൽ പാൽ ശേഖരിക്കുന്നുണ്ട്. കർഷകൻ ഉല്പാദിപ്പിക്കുന്ന പാൽ എടുത്തേ മതിയാകൂ, അതുകൊണ്ട് നിരവധി പുതിയ പദ്ധതികൾ ആരംഭിക്കാൻ മിൽമയോട് ആവശ്യപ്പെട്ടിരിക്കുകയാണ്. പാലിൽ നിന്നുണ്ടാക്കാവുന്ന മൂല്യവർദ്ധിത ഉല്പന്നങ്ങൾ പരമാവധിയുണ്ടാക്കി, ഇതിന്റെ ലാഭം കർഷകന് കൂടി കൈമാറ്റം ചെയ്യാൻ കഴിയത്തക്ക രീതിയിൽ ഇപ്പോൾ ഗവൺമെന്റ് ഇടപെടുന്നുണ്ട്, ആ പ്രവർത്തനം തുടരും.

മി. സ്പീക്കർ: ക്ഷീരമേഖലയോട് ധാരാളം അംഗങ്ങൾ താല്പര്യം കാണിച്ചിട്ടുണ്ട്, ഇപ്പോൾ തന്നെ ഇരുപത്തഞ്ച് മിനിട്ടായി, അതുകൊണ്ട് ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവിന് കൂടി ചോദിക്കാം.

പ്രതിപക്ഷ നേതാവ് (ശ്രീ. രമേശ് ചെന്നിത്തല): സർ, ഏത് ഗവൺമെന്റ് വന്നാലും മിൽമയെ സംരക്ഷിക്കാറുണ്ട്. ഇ. ചന്ദ്രശേഖരൻ നായർ വകുപ്പുമന്ത്രിയായിരുന്ന കാലത്ത് പോലും അതിനെ തൊട്ടു കളിച്ചിട്ടില്ലായിരുന്നു. അദ്ദേഹം അതിനെ പ്രോത്സാഹിപ്പിക്കുകയായിരുന്നു. ഇപ്പോൾ ലിഡ ജേക്കബ്ബ് കമ്മിറ്റി റിപ്പോർട്ട് വന്നതോടുകൂടി വലിയ ആശങ്ക മിൽമയിൽ നിലനിൽക്കുകയാണ്. മിൽമ പിടിച്ചെടുക്കാനുള്ള ഒരു വളഞ്ഞ വഴിയായി ലിഡ

ജേക്കബ്ബ് കമ്മിറ്റി റിപ്പോർട്ടിനെ ഇന്ന് വിലയിരുത്തുകയാണ്. നല്ല നിലയിൽ നടക്കുന്ന ഒരു സ്ഥാപനത്തെ അനാവശ്യമായ രാഷ്ട്രീയ അതിപ്രസരമുണ്ടാക്കി അട്ടിമറിക്കാനുള്ള നീക്കമാണെങ്കിൽ അത് അവസാനിപ്പിക്കണം. ഇ. ചന്ദ്രശേഖരൻ നായരെപ്പോലുള്ള ആളുകൾ മിൽമയ്ക്ക് നൽകിയിരുന്ന പിന്തുണ വീണ്ടും നൽകി മിൽമയെ പ്രോത്സാഹിപ്പിച്ച് ഈ മേഖലയെ ശക്തിപ്പെടുത്താനുള്ള നടപടികൾ സ്വീകരിക്കുമോ?

ശ്രീ. കെ. രാജു: സർ, കഴിഞ്ഞ 38 വർഷമായി കേരളത്തിൽ ക്ഷീര സഹകരണ പ്രസ്ഥാനം നടക്കുകയാണ്. മിൽമ, ഫെഡറേഷൻ, അതിന്റെ തൊട്ടു താഴെ മേഖലാ യൂണിയൻ, സൊസൈറ്റികൾ, ക്ഷീരകർഷകർ എന്ന നിലയിലാണിത്. ആ മേഖല കുറച്ചുകൂടി സജീവമാക്കണം. ആ മേഖലയെ ആശ്രയിച്ചു കഴിയുന്ന ലക്ഷക്കണക്കിനാളുകൾ കേരളത്തിലുണ്ട്. അതുകൊണ്ട് അതിനെ സജീവമാക്കുകയും പാലിന്റെ ഉല്പാദനത്തിൽ സ്വയംപര്യാപ്തത നേടുകയും ചെയ്യുക എന്നുള്ളതാണ് ഗവൺമെന്റിന്റെ ലക്ഷ്യം. 38 വർഷക്കാലമായി പ്രവർത്തിച്ചുവരുന്ന ഈ സിസ്റ്റത്തിന് എന്തെങ്കിലും തകരാറുണ്ടോ, എന്തെങ്കിലും മാറ്റങ്ങൾ ആവശ്യമാണോ, പുതിയ നിർദ്ദേശങ്ങളെന്തെങ്കിലും ആ മേഖലയിലുള്ളവർക്കുണ്ടോ തുടങ്ങിയ കാര്യങ്ങൾ

നേരിട്ട് കർഷകരുമായും ഈ മേഖലയിൽ നിൽക്കുന്നവരുമായും ക്ഷീര സംഘങ്ങളുമായും ബന്ധപ്പെട്ടും അന്യസംസ്ഥാനങ്ങളിൽ ഈ സംഘങ്ങളുടെ പ്രവർത്തനം എങ്ങനെയെല്ലാമാണെന്ന് പഠിച്ചും വിശദമായ റിപ്പോർട്ട് നൽകാനാണ് ശ്രീമതി ലിഡ ജേക്കബ്ബ് അദ്ധ്യക്ഷയായ കമ്മിറ്റിയെ നിയോഗിച്ചത്. ശ്രീമതി ലിഡ ജേക്കബ്ബ് കമ്മ്യൂണിസ്റ്റുകാരിയോ ഇടതുപക്ഷക്കാരിയോ ആണെന്ന് അങ്ങേയ്ക്ക് അഭിപ്രായമുണ്ടോ? ഇവിടത്തെ കളക്ടറായിരുന്ന, വകുപ്പ് സെക്രട്ടറിയായി പ്രവർത്തിച്ചിരുന്ന, മിൽമയുടെ എം.ഡി.-യായിരുന്ന വ്യക്തിയാണ് ശ്രീമതി ലിഡ ജേക്കബ്ബ്. അവരുടെ നേതൃത്വത്തിൽ ഒരു വിദഗ്ദ്ധ സംഘത്തെയാണ് നിയോഗിച്ചത്. ആ വിദഗ്ദ്ധ സംഘം റിപ്പോർട്ട് തന്നിട്ടുണ്ട്, റിപ്പോർട്ട് ഗവൺമെന്റ് പഠിച്ച ശേഷം, മുഖ്യമന്ത്രിയുമായി ആലോചിച്ച്, പ്രതിപക്ഷത്തിനും ഭരണപക്ഷത്തിനും സ്വീകരിക്കാവുന്ന നല്ല നിർദ്ദേശങ്ങൾ സ്വീകരിച്ചുകൊണ്ട് ഈ മേഖലയെ ശക്തിപ്പെടുത്തും. പിടിച്ചെടുക്കുക എന്നൊരു ഉദ്ദേശ്യമേ ഗവൺമെന്റിനില്ല. അങ്ങനെയൊരു ഭയം ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവിന് വേണ്ട, മിൽമയുടെ ഭാരവാഹികൾക്കും അങ്ങനെയൊരു ആശങ്ക വേണ്ട.

മി. സ്പീക്കർ: ക്ഷീരമേഖലയിലെ സ്വയംപര്യാപ്തത പോലെത്തന്നെ വളരെ

പ്രധാനമാണ് നമ്മുടെ പരമ്പരാഗത ജലസ്രോതസ്സും. അതുകൊണ്ട് അടുത്ത ചോദ്യത്തിലേയ്ക്ക് പോകുകയാണ്.

## ഉപയോഗശൂന്യമായ ജലസ്രോതസ്സുകളുടെ സംരക്ഷണം

2 (*62) ശ്രീ. സി. കെ. ഹരീന്ദ്രൻ:
ശ്രീ. എ. എം. ആരിഫ്:
പ്രൊഫ. കെ. യു. അരുണൻ:
ശ്രീ. എം. രാജഗോപാലൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നദികളെയും തോടുകളെയും ഗാർഹിക വ്യാവസായിക മാലിന്യങ്ങളുടെ സൗകര്യപ്രദമായ നിർഗമന സ്ഥലങ്ങളാക്കി മാറ്റുന്ന പ്രവണതയുടെ ഫലമായി ജലസ്രോതസ്സുകളിൽ ഭൂരിഭാഗവും ഉപയോഗശൂന്യമായിത്തീരുന്നതിനാൽ ജലസ്രോതസ്സുകളുടെ സംരക്ഷണത്തിന് പ്രത്യേക ഊന്നൽ നൽകിക്കൊണ്ടുള്ള പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ;

(ബി) ജലസുരക്ഷ ഭാവി തലമുറയുടെ കൂടി അവകാശമാണെന്ന കാഴ്ചപ്പാടോടെ ജലസംരക്ഷണ വിനിയോഗ സംസ്കാരം ജനങ്ങളിൽ വളർത്തിയെടുക്കാൻ നടത്തിവരുന്ന പ്രവർത്തനങ്ങൾ എന്തെല്ലാമാണ്;

(സി) കരമനയാർ, കിള്ളിയാർ ഉൾപ്പെടെ അങ്ങേയറ്റം മലിനമായതോ നീരൊഴുക്ക് പോലും നിലച്ചുപോയതോ ആയ നദികളുടെ പുനരുജ്ജീവനത്തിന് നടത്തുന്ന ഇടപെടലുകൾ അറിയിക്കാമോ?

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. മാത്യു ടി. തോമസ്):

(എ) കേരളത്തിലെ നദികൾ ഉൾപ്പെടെയുള്ള ജലസ്രോതസ്സുകൾ വിവിധ തരം മാലിന്യങ്ങൾ അടങ്ങിയിട്ടുള്ളതാണെന്ന് പഠനങ്ങൾ ചൂണ്ടിക്കാട്ടുന്നു. വ്യാവസായിക മാലിന്യങ്ങൾക്കുപരി ഗാർഹിക മാലിന്യങ്ങളും വർദ്ധിച്ച തോതിൽ ജലാശയങ്ങളിൽ എത്തിച്ചേരുന്നുണ്ട്. ഇതിനുപുറമേ കാർഷികാവശിഷ്ടങ്ങളും കൃഷിക്കുപയോഗിക്കുന്ന രാസവളം/ കീടനാശിനികളും ജലസ്രോതസ്സുകളിൽ എത്തിച്ചേരുന്നുണ്ട്. വലിയതോതിൽ ഖരമാലിന്യം ജലസ്രോതസ്സുകളിൽ നിക്ഷേപിക്കുന്നതായി കാണുന്നു. ഇത് കണക്കിലെടുത്ത് ജലസ്രോതസ്സുകൾ മാലിന്യമുക്തമാക്കുന്നതിനുള്ള പ്രവർത്തനങ്ങൾക്ക് ജലവിഭവ വകുപ്പ് നിലവിൽ മുൻഗണന നൽകിവരുന്നു. സംസ്ഥാന ബഡ്ജറ്റിന്റെ ഭാഗമായി ലഭിക്കുന്ന തുക ചെലവഴിച്ച് ജലസ്രോതസ്സുകൾ മാലിന്യമുക്തമാക്കുന്ന നടപടി ജലസേചന വകുപ്പ് സ്വീകരിച്ചുവരുന്നു. കൂടാതെ, ഹരിത കേരളം ഹെഡ്ഡിൽ ലഭിച്ച തുകയും ജലസ്രോതസ്സുകൾ, പ്രത്യേകിച്ച് കുളങ്ങൾ

മാലിന്യമുക്തമാക്കുന്നതിന് വിനിയോഗിച്ചിട്ടുണ്ട്. ഇത്തരത്തിൽ 536 കുളങ്ങൾ നവീകരിക്കുന്നതിനുള്ള ഭരണാനുമതി 2017-18 സാമ്പത്തിക വർഷം നൽകിയിട്ടുണ്ട്.

കേരള സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡിന്റെ 2017-18 വാർഷിക പദ്ധതിയിൽ റിസ്റ്റോറേഷൻ ഓഫ് പൊല്യൂറ്റഡ് റിവർ സ്ട്രെച്ചസ് (Restoration of Polluted River Streches) എന്ന പദ്ധതിയിൽ പാലക്കാട് ജില്ലയിലെ ഭാരതപ്പുഴയുടെ വാളയാർ, കോരയാർ ഭാഗം, കാസർഗോഡ് ജില്ലയിലെ നീലേശ്വരം നദി, തിരുവനന്തപുരം ജില്ലയിലെ കരമന നദി, കണ്ണൂർ ജില്ലയിലെ കുപ്പം എന്നിവയെ ഉൾപ്പെടുത്തിയിട്ടുണ്ട്. പ്രസ്തുത നദികളിലെ മലിനീകരണം തടയുന്നതിന് ആവശ്യമായ കർമ്മ പദ്ധതികൾ അതാത് ജില്ലാ ഓഫീസുകളുടെ മേൽനോട്ടത്തിൽ നടത്തിവരുന്നു.

ജല മലിനീകരണ സാദ്ധ്യത കൂടുതലുള്ള സ്ഥാപനങ്ങൾക്ക് അവ പുറന്തള്ളുന്ന പാഴ്ജലത്തിലെ ഘടകങ്ങൾ (parameters) അനുവദനീയ പരിധിയാലാണോ എന്ന് പരിശോധിക്കുന്നതിനായി നിലവിൽ ഓൺലൈൻ റിയൽ റൈറ്റം മോണിറ്ററിംഗ് (Online Real Time Monitoring) സംവിധാനം ഏർപ്പെടുത്തിവരുന്നു. ഇത്തരത്തിൽ 20 സ്ഥാപനങ്ങളെ ഈ

സംവിധാനവുമായി ബന്ധിപ്പിച്ചിട്ടുണ്ട്. ആയതിനാൽ ഇത്തരം സ്ഥാപനങ്ങളിൽ നിന്നുള്ള പാഴ്ജല നിർഗമനം നിയമപ്രകാരമാണോ എന്ന് മലിനീകരണ നിയന്ത്രണ ബോർഡിന്റെ കാര്യാലയത്തിൽ നിന്നുതന്നെ അറിവ് ലഭിക്കുന്നതാണ്.

(ബി) ജലസുരക്ഷ നേടുന്നതിനും ഭാവി തലമുറയ്ക്ക് ശുദ്ധ ജലലഭ്യത ഉറപ്പുവരുത്തുന്നതിനും പുതിയൊരു ജലവിഭവ സംരക്ഷണവിനിയോഗ സംസ്കാരം ജനങ്ങളിൽ വളർത്തിയെടുക്കുന്നതിനുമായാണ് ഹരിത കേരളം മിഷന്റെ ഉപമിഷനായ ജലസമൃദ്ധി/ജലസംരക്ഷണം പ്രധാനമായും ലക്ഷ്യമിട്ടിരിക്കുന്നത്. ഇതിനനുയോജ്യമായ ശാസ്ത്രീയ സമീപനം എന്ന നിലയിൽ സമഗ്ര നീർത്തടാധിഷ്ഠിത പദ്ധതികൾ രൂപപ്പെടുത്തി റിഡ്ജ് ടു വാലി (മുകളിൽ നിന്ന് താഴേയ്ക്ക്) രീതിയിൽ പ്രവർത്തനങ്ങൾ നടപ്പിലാക്കാനാണ് ഉദ്ദേശിക്കുന്നത്. ഇത് സാധ്യമാക്കുന്നതിനായി ഗ്രാമ/ബ്ലോക്ക്/ജില്ലാ തലങ്ങളിൽ ജനപ്രതിനിധികളുടെ നേതൃത്വത്തിൽ സന്നദ്ധ പ്രവർത്തകർ ഉൾപ്പെടെ വിവിധ വകുപ്പുകളിലെ ഉദ്യോഗസ്ഥർ അടങ്ങുന്ന സാങ്കേതിക സമിതികൾക്ക് രൂപം നൽകുകയും അവയുടെ നേതൃത്വത്തിൽ നീർത്തട പ്ലാനുകൾക്ക് രൂപം കൊടുക്കുന്നതിനുള്ള നീർത്തട നടത്തം

ഉൾപ്പെടെയുള്ള പ്രവർത്തനം കേരളത്തിലെ എല്ലാ തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങളിലും ആരംഭിച്ചുകഴിഞ്ഞു. ഇക്കാര്യത്തിൽ ജനപങ്കാളിത്തം വർദ്ധിപ്പിക്കുന്നതിനും ജലസംരക്ഷണത്തിന്റെയും ജലവിനിയോഗമിതത്വം പാലിക്കേണ്ടതിന്റെയും പ്രാധാന്യം ജനങ്ങളിലെത്തിക്കുന്നതിനായി ഗ്രാമ പഞ്ചായത്തുകളുടെ സഹകരണത്തോടെ ജലപാർലമെന്റുകളും സംഘടിപ്പിച്ചുവരുന്നു. ഇതിനുപുറമേ ജനപങ്കാളിത്തത്തോടുകൂടി ജലസ്രോതസ്സുകൾ ശുചിയാക്കി സംരക്ഷിക്കുന്ന പ്രവർത്തനവും നടന്നുവരുന്നു.

ജല സംരക്ഷണവുമായി ബന്ധപ്പെട്ട അവബോധന സെമിനാറുകൾ, പരസ്യങ്ങൾ തുടങ്ങിയവ മലിനീകരണ നിയന്ത്രണ ബോർഡിന്റെ പ്രവർത്തനത്തിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്. പാഴ്ജല സംസ്കരണ സംവിധാനം കർശനമാക്കുക, ജലം മലിനമാക്കരുത് എന്നീ സന്ദേശങ്ങളോടുകൂടിയ നോട്ടീസ് ഏപ്രിൽ 2017-ൽ മലയാളം/ഇംഗ്ലീഷ് ദിനപത്രങ്ങളിൽ പ്രസിദ്ധീകരിച്ചിരുന്നു. ലോക പരിസ്ഥിതി ദിനാചരണത്തിന്റെ ഭാഗമായി ജൂൺ 2017-ൽ ബോർഡ് നടത്തിയ പരിപാടികളിൽ ജലസംരക്ഷണത്തിനായുള്ള ആവശ്യകത ഊന്നിപ്പറഞ്ഞുകൊണ്ടുള്ള സെമിനാറുകൾ നടത്തിയിരുന്നു.

ശബരിമല തീർത്ഥാടനവുമായി ബന്ധപ്പെട്ട് പമ്പയുടെ മലിനീകരണം

നിയന്ത്രിക്കുന്നതിനായുള്ള അവബോധം പൊതുജനങ്ങൾക്ക് നൽകുന്നതിനായുള്ള നടപടികൾ ബോർഡ് എല്ലാ വർഷവും സ്വീകരിക്കുന്നുണ്ട്.

(സി) സംസ്ഥാനത്തെ ചെറുതും വലുതുമായ നദികളെ നിലവിലെ സ്ഥിതിയിൽ നിന്ന് മെച്ചപ്പെട്ട ഗുണനിലവാരമുള്ള ജലസ്രോതസ്സുകളാക്കി മാറ്റുന്നതിനുള്ള പ്രവർത്തനം തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങളുടെയും വിവിധ വകുപ്പുകളുടെയും നേതൃത്വത്തിൽ ജനപങ്കാളിത്തത്തോടുകൂടി നടന്നുവരുന്നു. പൂർണ്ണമായും നീരൊഴുക്ക് നിലച്ച വരട്ടാർ, കോലറയാർ പുഴകൾ തമ്മിലുണ്ടായിരുന്ന ബന്ധം നിലച്ചുപോയ മീനന്തര-കൊടൂരാർ-മീനച്ചിലാർ, കുട്ടംപേരൂരാർ തുടങ്ങിയവ നീരൊഴുക്കുള്ളവയാക്കി മാറ്റാൻ കഴിഞ്ഞിട്ടുണ്ട്. കൂടാതെ വലിയ തോതിൽ മാലിന്യം അടിഞ്ഞ് ഉപയോഗയോഗ്യമല്ലാതായി മാറിയ കാനാമ്പുഴ, പള്ളിക്കലാർ, കിള്ളിയാർ (അപ്പർറീച്ച്), പൂനൂർപ്പുഴ തുടങ്ങിയവ ജനപങ്കാളിത്തത്തോടെ ശുചിയാക്കാനും കഴിഞ്ഞിട്ടുണ്ട്. ഇവിടങ്ങളിലൊക്കെത്തന്നെ നീർത്തട മാസ്റ്റർ പ്ലാനുകളുടെ അടിസ്ഥാനത്തിൽ തുടർ പ്രവർത്തനങ്ങളും ആസൂത്രണം ചെയ്തിട്ടുണ്ട്. കരമനയാർ, കിള്ളിയാർ എന്നിവയുടെ സംരക്ഷണവുമായി ബന്ധപ്പെട്ട് "റൈറ്റ്സ് " (RITES) എന്ന സ്ഥാപനം പഠനം നടത്തി റിപ്പോർട്ട് ലഭ്യമാക്കിയിട്ടുണ്ട്. സാമ്പത്തിക

ലഭ്യതയനുസരിച്ച് പ്രസ്തുത റിപ്പോർട്ടിൽ നിർദ്ദേശിച്ചിട്ടുള്ള പ്രവർത്തനങ്ങൾ ഏറ്റെടുക്കാൻ കഴിയും. കിള്ളിയാറിന്റെ സമഗ്രമായ പുനരുജ്ജീവനത്തിനായി കിള്ളിയാർ കടന്നുപോകുന്ന എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുമായി ചേർന്ന് "കിള്ളിയാറൊരുമ" എന്ന ഒരു പദ്ധതിയും നടപ്പിലാക്കി വരുന്നു. ഇതോടൊപ്പം നദികളിലെ നീരൊഴുക്ക് സ്ഥായിയാക്കുന്നതിനും നദീതടങ്ങളുടെ സമഗ്ര സംരക്ഷണത്തിനുമായി വിവിധ വകുപ്പുകളുടെ ഏകോപനത്തോടുകൂടിയ പ്രവർത്തനം സാധ്യമാക്കുന്നതിനുവേണ്ട നടപടികൾ ഹരിത കേരളം മിഷന്റെ ഉപമിഷനായ "ജലസമൃദ്ധി/ജലസംരക്ഷണം" മുഖേന നടന്നുവരുന്നു.

കരമനയാർ, കിള്ളിയാർ നദികളുടെ മാലിന്യനിർമ്മാർജ്ജനത്തിനും പുനരുദ്ധാരണത്തിനുമായി ശാസ്ത്ര സാങ്കേതിക പരിസ്ഥിതി കൗൺസിൽ പ്രത്യേകം പദ്ധതി തയ്യാറാക്കി തിരുവനന്തപുരം വികസന അതോറിറ്റിയും അനുബന്ധ സ്ഥാപനങ്ങളും വഴി നടപ്പിലാക്കി വരുന്നുണ്ട്. പ്രസ്തുത പൈലറ്റ് പ്രോജക്ടിനുള്ള സാമ്പത്തിക സഹായം കേരള സംസ്ഥാന ആസൂത്രണ ബോർഡാണ് നൽകിവരുന്നത്. ഈ പദ്ധതിയിൽ ഖരമാലിന്യങ്ങൾ നദികളിൽ നിക്ഷേപിക്കുന്നത് തടയാനും മാലിന്യങ്ങൾ നദിയിലേയ്ക്ക് തുറന്നുവിടുന്നത് തടയാനും നദിയുടെ സ്വാഭാവികമായ ഒഴുക്ക്

നിലനിർത്തുന്നതിനായി ജൈവ വൈവിധ്യ പാർക്ക് നിർമ്മിക്കാനും നദികളിൽ മാലിന്യം നിക്ഷേപിക്കുന്നത് തടയുന്നതിനായി ക്യാമറകൾ സ്ഥാപിക്കാനും ജലഗുണമേന്മ ബോധവൽക്കരണ ക്ലാസ്സുകൾ സംഘടിപ്പിക്കാനും ശാസ്ത്ര സാങ്കേതിക പരിസ്ഥിതി കൗൺസിൽ നടപടിയെടുത്തിട്ടുണ്ട്. കരമന നദിയുടെ ശാസ്ത്രീയ പരിപാലനത്തിന്റെയും ഏകോപനത്തിന്റെയും ചുമതല ശാസ്ത്ര സാങ്കേതിക പരിസ്ഥിതി കൗൺസിലിനും നടത്തിപ്പിന്റെ ചുമതല തിരുവനന്തപുരം വികസന അതോറിറ്റിക്കുമാണ്.

ശ്രീ. സി. കെ. ഹരീന്ദ്രൻ: സർ, ജലസ്രോതസ്സുകളും നദികളും സംരക്ഷിക്കാൻ ഗവൺമെന്റ് നടത്തിക്കൊണ്ടിരിക്കുന്ന പ്രവർത്തനങ്ങൾ ശ്ലാഘനീയമാണ്. കേരളത്തിന്റെ തെക്കേയറ്റത്തുള്ള നെയ്യാറിന് 56 കി.മീ. നീളമുണ്ട്. കല്ലാർ, മുല്ലയാർ, കരവലിയാർ, കരിപ്പയാർ, ചിറ്റാർ എന്നിവ പോഷകനദികളാണ്. നിരവധി വലിയ തോടുകളുമുണ്ട്. കാട്ടാക്കട, നെയ്യാറ്റിൻകര, തമിഴ്നാടിന്റെ ചില പ്രദേശങ്ങൾ എന്നിവയടക്കം 19,240 ഹെക്ടർ സ്ഥലത്ത് ജലസേചന സൗകര്യമൊരുക്കുന്നു. കൂടാതെ കുടിക്കാൻ ശുദ്ധജല വിതരണവും നടക്കുന്നു. നെയ്യാർ ഡാം ശുദ്ധജല സംഭരണിയിൽ മണൽ അടിഞ്ഞ് ഡാമിന്റെ സംഭരണശേഷിയിൽ കുറവ് വരുന്നുണ്ട്.

നിലവിൽ 106.08 ദശലക്ഷം ക്യൂബിക് മീറ്റർ സംഭരണശേഷിയുള്ളത് കുറഞ്ഞുകുറഞ്ഞു വരികയാണ്. സമ്പൂർണ്ണ നെയ്യാർ പാക്കേജ് നടപ്പിലാക്കുന്നതിന് നടപടി ഉണ്ടാകുമോ?

ശ്രീ. മാത്യു ടി. തോമസ്: സർ, കേരളത്തിലെ പല നദികളും ഇപ്പോൾ പുനരുജ്ജീവിപ്പിക്കുന്നതും മാലിന്യ വിമുക്തമാക്കുന്നതും ജനപങ്കാളിത്തത്തോടുകൂടിയാണ്. നെയ്യാർ നദിയുമായി ബന്ധപ്പെട്ട് അത്തരത്തിലുള്ള പ്രവർത്തനങ്ങൾ തദ്ദേശീയമായി ഉയർന്നു വരികയാണെങ്കിൽ ഡിപ്പാർട്ടുമെന്റിന്റെ പരിപൂർണ്ണ പിന്തുണയും പങ്കാളിത്തവും ഉറപ്പുവരുത്തിക്കൊണ്ടുതന്നെ മുന്നോട്ടുപോകാൻ കഴിയും. കരമനയാറ്റിൽ വെള്ളമില്ലാതിരുന്ന സമയത്ത്, കഴിഞ്ഞ വരൾച്ചക്കാലത്ത് നെയ്യാർ നദിയിൽ നിന്നുമാണ് തിരുവനന്തപുരം നഗരത്തിൽ വെള്ളമെത്തിക്കാൻ കഴിഞ്ഞത്. ബഹുമാനപ്പെട്ട അംഗം ചൂണ്ടിക്കാണിച്ചത് വളരെ പ്രസക്തമായ ഒരു വിഷയമാണ്. നെയ്യാർ ഡാം മാത്രമല്ല, പല ഡാമുകളിലും എക്കൽ അടിഞ്ഞ് സംഭരണശേഷി കുറഞ്ഞിരിക്കുകയാണ്. അതുകൊണ്ട് ഡീസിൽറ്റേഷനുവേണ്ടിയുള്ള നടപടികളിലേയ്ക്ക് ഗവൺമെന്റ് നീങ്ങുകയാണ്. ഇതിനോടകംതന്നെ ഒരു സ്റ്റാൻഡേർഡ് ഓപ്പറേഷൻ പ്രൊസീഡ്യുവർ

(എസ്.ഒ.പി.) സംസ്ഥാന മന്ത്രിസഭ അംഗീകരിക്കുകയും പൈലറ്റ് പ്രോജക്ടെന്ന നിലയിൽ ചുള്ളിയാർ, മംഗലം എന്നീ രണ്ട് ഡാമുകളുടെ ഡീസിൽറ്റേഷനുവേണ്ടിയുള്ള പഠനങ്ങൾ നടത്തുകയും ചെയ്തിട്ടുണ്ട്. അത് പൈലറ്റ് പ്രോജക്ട് എന്ന നിലയിൽ നടപ്പിലാക്കിയതിനുശേഷം കേരളത്തിലെ എല്ലാ ഡാമുകളിലും ഡീസിൽറ്റേഷൻ നടപ്പിലാക്കാനാണ് ഉദ്ദേശിക്കുന്നത്. സംഭരണശേഷി വർദ്ധിപ്പിക്കുന്നതോടൊപ്പം നിർമ്മാണാവശ്യങ്ങൾക്കുള്ള മണൽ ലഭ്യമാക്കാം. ഒരുപക്ഷേ ഗവൺമെന്റിലേയ്ക്ക് കുറച്ച് ലെവിയും ലഭ്യമാക്കാം. ജലവിഭവ വകുപ്പിനെ സംബന്ധിച്ച് ഡാമുകളുടെ സംഭരണശേഷി ഇരട്ടിയായി വർദ്ധിപ്പിക്കാൻ കഴിയും. അതിന് മുൻഗണന കൊടുക്കുന്നുണ്ട്. അതിന്റെ പ്രായോഗികവശങ്ങളെല്ലാം മനസ്സിലാക്കാൻ വേണ്ടിയാണ് പൈലറ്റ് പ്രോജക്ട് എന്ന നിലയിൽ രണ്ട് ഡാമുകൾ ഏറ്റെടുത്തിരിക്കുന്നത്.

<u>ശ്രീ. സി. കെ. ഹരീന്ദ്രൻ</u>: സർ, വെള്ളായണി ശുദ്ധജല തടാകം സംരക്ഷിക്കാൻ നടപടി ഉണ്ടാകുമോ; 1926-ൽ 750 ഹെക്ടർ വിസ്തീർണ്ണം ഉണ്ടായിരുന്നത് നിലവിൽ ഇപ്പോൾ 178 ഹെക്ടറായി ചുരുങ്ങി. കാലം കടന്നുപോകുന്നതിനു പിന്നാലെ കായലും നഷ്ടമാകാതിരിക്കാൻ നടപടിയുണ്ടാകുമോ?

ശ്രീ. മാത്യു ടി. തോമസ്: സർ, കായലുകൾ ഉൾപ്പെടെയുള്ള പല തടാകങ്ങളുടെയും വിസ്തൃതി ചുരുങ്ങാൻ കാരണം അനധികൃത കയ്യേറ്റങ്ങളാണ്. കയ്യേറ്റങ്ങളെ നിരുത്സാഹപ്പെടുത്തുക എന്നുള്ളതുമാത്രമല്ല ഭാവിയിൽ ഒരു കയ്യേറ്റവും ഉണ്ടാകാതെ സംരക്ഷിക്കുന്നതിനോടൊപ്പം നിലവിലുള്ള കയ്യേറ്റങ്ങൾ ഒഴിപ്പിച്ചെടുക്കാനുമുള്ള ശ്രമമാണ് ഗവൺമെന്റ് നടത്തിക്കൊണ്ടിരിക്കുന്നത്.

ശ്രീ. എ. എം. ആരിഫ്: സർ, ഹരിത കേരളം പദ്ധതിയുടെ ഭാഗമായി ഏറ്റെടുക്കുന്ന പ്രവൃത്തികളെ അഭിനന്ദിക്കുന്നു. എറണാകുളത്തേയ്ക്ക് ബസ് യാത്ര ചെയ്യുന്നവരിൽ ഉറങ്ങുന്നവർ ആരും വിളിക്കാതെ, അലാറത്തിന്റെ സഹായമില്ലാതെ ഉണരുന്ന ഒരു സ്ഥലമാണ് ചന്തിരൂർ. ചന്തിരൂരിലെ പുത്തൻതോട്ടിൽനിന്നും വമിക്കുന്ന രൂക്ഷമായ ദുർഗന്ധമാണ് യാത്രക്കാരെ ഉണർത്തുന്നത്. ഇറിഗേഷൻ വകുപ്പ് 2007-ൽ 50 ലക്ഷം രൂപ മുടക്കി പുത്തൻതോട് ശുദ്ധീകരിച്ചതാണ്. അതിനുശേഷം കഴിഞ്ഞ പത്തുവർഷമായി ശുദ്ധീകരിച്ചിട്ടില്ല. ഈ വിവരം അങ്ങയുടെ ശ്രദ്ധയിൽപ്പെടുത്തിയതിനെത്തുടർന്ന് എസ്റ്റിമേറ്റ് നൽകി എത്രയും വേഗം നടപടി സ്വീകരിക്കാൻ വകുപ്പ് അധികൃതർക്ക് അങ്ങ് നിർദ്ദേശം നൽകിയെങ്കിലും ഇക്കാര്യത്തിൽ യാതൊരു നടപടിയുമെടുത്തിട്ടില്ല. ഈ

വിഷയം അങ്ങ് പ്രത്യേകം പരിശോധിച്ച് ആവശ്യമായ ഇടപെടൽ നടത്തുമോ? സ്വകാര്യ ജലാശയങ്ങളാണ് കൂടുതലുള്ളത്. അവയൊക്കെ വളരെയധികം ചെളിയും മറ്റും നിറഞ്ഞുകിടക്കുകയാണ്. ഫിഷറീസ് വകുപ്പുമായി ചേർന്ന് നല്ലൊരു പദ്ധതി ആവിഷ്കരിച്ച് സ്വകാര്യ ജലാശയങ്ങൾകൂടി ശുദ്ധീകരിച്ചാൽ മാത്രമേ ജലാശയങ്ങളെ വീണ്ടെടുക്കാൻ കഴിയൂ. അത്തരത്തിൽ ഒരു പദ്ധതി ആവിഷ്കരിക്കാൻ തയ്യാറാകുമോ?

ശ്രീ. മാത്യു ടി. തോമസ്: സർ, സ്വകാര്യമാണെങ്കിലും പൊതുവാണെങ്കിലും ജലാശയങ്ങളെല്ലാം ശുദ്ധീകരിച്ചാൽ മാത്രമേ നമ്മൾ ഉന്നംവയ്ക്കുന്ന ലക്ഷ്യം കൈവരിക്കാൻ സാധിക്കുകയുള്ളൂ. ചന്തിരൂർ ഭാഗത്തെ വിഷയം പ്രത്യേകമായി പരിശോധിക്കാം. സ്വകാര്യ ജലാശയങ്ങൾ സർക്കാരിന്റെ ഫണ്ടുപയോഗിച്ച് വൃത്തിയാക്കുന്നതിന് ചില പരിമിതികളുണ്ട്. എന്നാൽപോലും കണ്ണൂർ ജില്ലയിലെ ചിറയ്ക്കൽചിറ എന്ന സ്ഥലത്ത് ഒരു പരീക്ഷണാടിസ്ഥാനത്തിൽ ആദ്യമായി ഒരു ക്ഷേത്രക്കുളം ശുദ്ധീകരിക്കാനുള്ള ഭരണാനുമതി നൽകുന്നതിനുള്ള നടപടി സ്വീകരിച്ചുവരികയാണ്.

പ്രൊഫ. കെ. യു. അരുണൻ: സർ, തടാകങ്ങളിൽ നിന്ന് മത്സ്യം പിടിക്കുകയും ഉടൻതന്നെ അത്, നമ്മുടെ നാട്ടിലാണെങ്കിൽ

പൊരിച്ചുതിന്നുകയാണ് ചെയ്യുന്നത്; എന്നാൽ മറ്റ് ചില സ്ഥലങ്ങളിൽ ചുട്ടുതിന്നുകയാണ്. അതിനുവേണ്ടി തടാകങ്ങളുടെ ചുറ്റുമുള്ള മരങ്ങളുടെ വേരുകൾ മുറിച്ചെടുക്കുകയാണ്. അങ്ങനെ ചെയ്യുന്നതുമൂലം മരങ്ങൾക്ക് വേരുകളില്ലാതാകുകയും soil erosion ഉണ്ടാകുകയും ചെയ്യുന്നതിന്റെ ഫലമായി തടാകങ്ങൾ തൂർന്നുപോകുന്ന പ്രവണത പുറംനാടുകളിൽ ഉള്ളതായി ചൂണ്ടിക്കാണിച്ചിട്ടുണ്ട്. നമ്മുടെ നദീതീരങ്ങളിലും ഈ പ്രവണത പതുക്കെപ്പതുക്കെ സ്ഥാനം പിടിക്കുന്നുണ്ട്. അതിനെതിരായ ബോധവൽക്കരണത്തിന് സർക്കാർ എന്തെങ്കിലും പരിപാടി ഉദ്ദേശിച്ചിട്ടുണ്ടോ?

ശ്രീ. മാത്യു ടി. തോമസ്: സർ, ജലസംരക്ഷണത്തിന്റെ പ്രാഥമിക പാഠം എന്ന നിലയിൽ ജലവിഭവ വകുപ്പ് സ്വീകരിച്ചിരിക്കുന്ന നിലപാട് നീർത്തടാധിഷ്ഠിതമായിരിക്കണം എന്നതു തന്നെയാണ്. അതുകൊണ്ട് നദികളിലും തടാകങ്ങളിലും ജലം ഉണ്ടാകണമെന്നുള്ളതു മാത്രമല്ല അതിന്റെ വശങ്ങളിൽ മരങ്ങളുണ്ടാകണമെന്നും അവ സമൃദ്ധമായി വളരണമെന്നുള്ള കാര്യങ്ങളുമുണ്ട്. അതിന് ആവശ്യമായ അവബോധം സൃഷ്ടിക്കുന്നതിന് നിരവധി പരിപാടികൾ ഹരിത കേരളം മിഷനുമായി ബന്ധപ്പെട്ടും അല്ലാതെയും ഏറ്റെടുത്തിട്ടുണ്ട്.

<u>ശ്രീ. എം. രാജഗോപാലൻ</u>: സർ, 2012-ലെ കേന്ദ്ര ജല നിയമം അനുസരിച്ച് ഘടനാപരമായ മാറ്റങ്ങൾ എല്ലാ സംസ്ഥാനങ്ങളും പാലിക്കണമെന്നാണ് കേന്ദ്ര ഗവൺമെന്റ് നിഷ്കർഷിക്കുന്നത്. ഭാവിയിലെ സാമ്പത്തിക സഹായങ്ങൾക്കും കേന്ദ്ര പദ്ധതികൾക്കും ഇവ മാനദണ്ഡമാക്കാൻ പോകുകയാണ്. പാരിസ്ഥിതിക കാരണങ്ങളാൽ കേരളത്തിൽ വൻകിട ജലസേചന പദ്ധതികൾ സാധ്യമല്ലെന്ന കാഴ്ചപ്പാടിൽ ജലസേചന വകുപ്പ് പുനഃസംഘടിപ്പിക്കണമെന്നുള്ള നിർദ്ദേശവുമുണ്ട്. നീർത്തടാധിഷ്ഠിത കാഴ്ചപ്പാടിന് അനുസരിച്ചുള്ള സംവിധാനങ്ങളും ഘടനാപരമായ മാറ്റങ്ങളുമാണ് നിർദ്ദേശിക്കുന്നത്. രാജ്യങ്ങൾ തമ്മിലുള്ള സാമ്പത്തിക കരാറുകൾക്കും വായ്പകൾക്കും കയറ്റിറക്ക് ചുങ്കങ്ങൾക്കുമെല്ലാം ജലവിഭവ വികസന കാഴ്ചപ്പാട് അടിസ്ഥാന ഘടകമായി സ്വീകരിക്കാൻ പോകുകയാണ്. കേരളത്തിലാണെങ്കിൽ 2030-ഓടെ സംസ്ഥാനത്തിന്റെ 80 ശതമാനം പ്രദേശങ്ങളും നഗര ആവാസ വ്യവസ്ഥയ്ക്ക് തുല്യമോ നഗരങ്ങളോ ആയി മാറുമെന്നാണ് കണക്കാക്കുന്നത്. അതിനനുസരിച്ച് വ്യാപക നിർമ്മാണ പ്രവർത്തനങ്ങൾ, ജലസ്രോതസ്സുകളുടെ നാശം എന്നിവയും ഇവിടെ സംഭവിക്കുകയാണ്. വർദ്ധിച്ചുവരുന്ന ജലാവശ്യങ്ങളും കുറയുന്ന

ജലസ്രോതസ്സുകളും മാറിമറിയുന്ന കാലാവസ്ഥയും ഗുരുതരമായ വെല്ലുവിളികളാണ് ഉയർത്താൻ പോകുന്നത്. ഇക്കാര്യങ്ങളെല്ലാം ഗൗരവപൂർവ്വം കണക്കിലെടുത്ത് ഉയരുന്ന ജലാവശ്യകത, പുതിയ കാഴ്ചപ്പാടുകൾ, മുൻഗണനകൾ, ലോക വീക്ഷണങ്ങൾ എന്നിവ പരിഗണിച്ചുകൊണ്ടുള്ള ഒരു ജലസുരക്ഷാ സംസ്ഥാനമായി കേരളം മാറുംവിധം ജലനയ പരിഷ്കാരത്തിന് സർക്കാർ നടപടി ആരംഭിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ വ്യക്തമാക്കാമോ?

<u>ശ്രീ. മാത്യു. ടി. തോമസ്</u>: സർ, 2008-ൽ സംസ്ഥാന സർക്കാർ പുറപ്പെടുവിച്ച ഒരു ജലനയം ഇപ്പോൾ നിലവിലുണ്ട്. മാറിയ സാഹചര്യത്തിൽ ആ നയത്തിനാവശ്യമായ ഭേദഗതി വരുത്തുന്നത് സംബന്ധിച്ച് വകുപ്പുതലത്തിൽ പരിശോധന നടത്തിക്കൊണ്ടിരിക്കുകയാണ്. ജലസുരക്ഷാ മേജർ പ്രോജക്ടുകൾ എന്ന ആശയം പരിപൂർണ്ണമായി നമുക്ക് ഉപേക്ഷിക്കാനാവില്ല. പ്രത്യേകിച്ച്, ജല ട്രൈബ്യൂണലുകളുടെ വിധിപ്രകാരമുള്ള ജലം നമുക്ക് ലഭ്യമാകണമെങ്കിൽ ചില പ്രോജക്ടുകളുമായി മുന്നോട്ടു പോകണം. അതിന് പാരിസ്ഥിതികാനുമതി കിട്ടണമെന്നുള്ളതാണ് രണ്ടാമത്തെ കാര്യം. അക്കാര്യങ്ങൾക്ക് ആവശ്യമായ നടപടികളുമായി നമുക്ക് മുന്നോട്ട് പോകാം.

ജലസുരക്ഷ, ജലത്തിന്റെ ലഭ്യത, ഭാവി തലമുറയ്ക്ക് ഈ അമൂല്യ വിഭവം സൂക്ഷിച്ച് കരുതി നമ്മൾ കൈമാറി കൊടുക്കേണ്ടതാണെന്ന ബോധ്യം എന്നിവ അടിസ്ഥാനപ്പെടുത്തിയുള്ള പ്രവർത്തനങ്ങളാണ് ഇപ്പോൾ നടന്നുകൊണ്ടിരിക്കുന്നത്. അതുകൊണ്ടുതന്നെ ജലസേചന വകുപ്പിനെ പുനഃസംഘടിപ്പിക്കുന്നതിനുള്ള പരിശോധന നടന്നുകൊണ്ടിരിക്കുകയാണ്. നീർത്തടാടിസ്ഥാനത്തിൽ അത്തരത്തിലുള്ള ഒരു പുനഃസംഘടന ജലസേചന വകുപ്പിൽ നടപ്പാക്കാൻ ഉദ്ദേശിക്കുന്നു.

ശ്രീ. വി. എസ്. ശിവകുമാർ: സർ, കിള്ളിയാർ സംരക്ഷണത്തിനുവേണ്ടി തിരുവനന്തപുരം നഗരസഭ പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്. എല്ലാ ജനപ്രതിനിധികളുടെയും സഹായത്തോടുകൂടി അതുമായി ബന്ധപ്പെട്ട യോഗങ്ങൾ ചേരുകയാണ്. ബഹുമാനപ്പെട്ട ശ്രീ. വി. എസ്. അച്ചുതാനന്ദൻ മുഖ്യമന്ത്രിയായിരുന്ന സമയത്ത് കിള്ളിയാർ സംരക്ഷണവുമായി ബന്ധപ്പെട്ട് ജില്ലാ പഞ്ചായത്ത് ഒരു പരിപാടി ഏറ്റെടുക്കുകയും അദ്ദേഹം അവിടെപ്പോയി മരങ്ങളൊക്കെ നടുകയും ചെയ്തു. പക്ഷേ അത് മുന്നോട്ട് പോയില്ല. 16 നഗരസഭാ വാർഡുകളുണ്ട്. വഴയില മുതൽ തിരുവല്ലം വരെയുള്ള 14.5 കിലോമീറ്റർ പ്രദേശത്ത് രണ്ട് വശത്തുമുള്ള ഭവനങ്ങളിൽ നിന്ന് സ്വീവേജ് മുഴുവൻ ഈ

ആറ്റിലേക്ക് തള്ളിവിടുകയാണ്. അതിനൊരു ശാശ്വത പരിഹാരം ഉണ്ടാകണമെങ്കിൽ ഗവൺമെന്റ് തന്നെ നേരിട്ട് ഈ പ്രദേശത്തുള്ള സ്വീവേജ് മുഴുവൻ മുട്ടത്തറയിലുള്ള സ്വീവേജ് ട്രീറ്റ്മെന്റ് പ്ലാന്റിൽ എത്തിക്കുന്നതിനുള്ള നടപടി സ്വീകരിക്കണം. യഥാർത്ഥത്തിൽ 107 എം.എൽ.റ്റി. കപ്പാസിറ്റിയാണ് മുട്ടത്തറയിലെ പ്ലാന്റിനുള്ളത്. ഇപ്പോൾ 40 എം.എൽ.റ്റി. സ്വീവേജ്പോലും അവിടെ ലഭിക്കുന്നില്ല. ഇത് അവിടെ എത്തിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ? അതോടൊപ്പം ഹീസിബിൾ അല്ലാത്ത താഴ്ന്ന പ്രദേശങ്ങളിൽ പമ്പ് ഹൗസുകൾ സ്ഥാപിച്ച് ഇത് സ്വീവേജ് ട്രീറ്റ്മെന്റ് പ്ലാന്റിലേക്ക് എത്തിക്കുന്നതിനുള്ള നടപടി സ്വീകരിച്ചാൽ മാത്രമേ നമ്മുടെ നദികൾ മലീമസമാകുന്നത് ഒഴിവാക്കാൻ കഴിയുകയുള്ളൂ. കിള്ളിയാറിന്റെ ഈ പ്രോജക്ട് ശ്രീ. വി. എസ്. അച്ചുതാനന്ദൻ ഗവൺമെന്റിന്റെ കാലഘട്ടത്തിൽ പരാജയപ്പെട്ടു. സംസ്ഥാന ഗവൺമെന്റിന്റെ ഭാഗത്തുനിന്നുള്ള സാമ്പത്തിക സഹായം ഉണ്ടായാൽ മാത്രമേ ഈ പദ്ധതി വിജയിക്കുകയുള്ളൂ. അതിനാവശ്യമായ നടപടി സ്വീകരിക്കാൻ ഗവൺമെന്റ് തയ്യാറാകുമോ?

ശ്രീ. മാത്യു ടി. തോമസ്: സർ, ബഹുമാനപ്പെട്ട അംഗം വളരെ പ്രസക്തമായ ഒരു വിഷയമാണ് ചൂണ്ടിക്കാണിച്ചത്. നമ്മുടെ എല്ലാ നദികളും

ശുചിയായി നിലനിൽക്കണമെങ്കിൽ മതിയായ സ്വീവേജ് ട്രീറ്റ്മെന്റ് പ്ലാന്റുകൾ ഉണ്ടാകണം. ഇക്കാര്യത്തിൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രി തന്നെ മുൻകയ്യെടുത്ത് ചില നടപടികളിലേയ്ക്ക് നീങ്ങിയിട്ടുണ്ട്. അതുമായി ബന്ധപ്പെട്ട് വിശദമായ യോഗം തിങ്കളാഴ്ച മുഖ്യമന്ത്രിയുടെ സാന്നിദ്ധ്യത്തിൽ ചേരുന്നുണ്ട്. കിള്ളിയാറിനെ സംബന്ധിച്ച് ബഹുമാനപ്പെട്ട അംഗം ചൂണ്ടിക്കാണിച്ചതുപോലെ ചില പദ്ധതികൾ വാട്ടർ അതോറിറ്റി ഏറ്റെടുത്തിട്ടുണ്ട്. കൈലാസ് നഗർ പ്രദേശത്ത് 36 ലക്ഷം രൂപയുടെ സ്വീവർ ലൈൻ പുനരുദ്ധാരണ പ്രവൃത്തി പൂർത്തീകരിച്ചു കഴിഞ്ഞു. ശാസ്ത്രിനഗർ പ്രദേശത്ത് സ്വീവർ ലൈൻ പുനരുദ്ധാരണ പ്രവൃത്തികൾ പൂർത്തീകരിച്ചു. ശിവനഗറിൽ 60 ലക്ഷം രൂപയുടെ സ്വീവർ ലൈൻ പുനരുദ്ധാരണം പൂർത്തീകരിച്ചു. കിള്ളിപ്പാലം മുതൽ തിട്ടക്കടി പാലംവരെ, കിള്ളിപ്പാലം-ആറ്റുകാൽ ബണ്ട് റോഡിൽ സ്വീവർ ലൈൻ സ്ഥാപിക്കുന്ന പ്രവൃത്തി പൂർത്തീകരിച്ചു. താഴ്ന്ന ലെവലിൽ നിന്നും പമ്പ് ചെയ്യാൻ കര്യാത്തി പമ്പ് ഹൗസിൽ പുതിയ 3 പമ്പ് സെറ്റുകൾ സ്ഥാപിക്കുന്നതിനുള്ള 160 ലക്ഷം രൂപയുടെ പ്രവൃത്തി പൂർത്തീകരിച്ചു. തളിയൽ പമ്പ് ഹൗസിൽ പുതിയ കിണറും ലീഡ് ചേമ്പർ പമ്പ് സെറ്റുകളും സ്ഥാപിക്കുന്നതിനുള്ള 2 കോടി രൂപയുടെ പ്രവൃത്തികളുടെ ടെണ്ടർ നടപടികൾ നടന്നുവരികയാണ്.

ആറന്നൂർ പമ്പ് ഹൗസിൽ കിണറിന്റെ നവീകരണത്തിനും പുതിയ പമ്പുസെറ്റുകൾ സ്ഥാപിക്കുന്നതിനുമുള്ള പ്രവൃത്തിയുടെയും തളിയൽ പമ്പ് ഹൗസിനു സമീപത്തെ സ്വീവർ ലൈനുകളും കരമന ശ്രീദേവി നഗറിലെ സ്വീവർ ലൈനുകളും പുനരുദ്ധരിക്കുന്നതിനുള്ള പ്രവൃത്തികളുടെയും ടെൻഡർ നടപടികൾ നടന്നു വരുന്നു. മുട്ടത്തറ സ്വിവറേജ് ട്രീറ്റ്മെന്റ് പ്ലാന്റിന്റെ കപ്പാസിറ്റി പരിപൂർണ്ണമായി നമുക്ക് ഉപയോഗിക്കാൻ കഴിയണം. അങ്ങയുടെ അഭിപ്രായം വളരെ ഗൗരവത്തിൽ തന്നെ എഴുതി എടുത്തിട്ടുണ്ട്. പക്ഷേ അവിടെ ചില പ്രായോഗിക ബുദ്ധിമുട്ടുകളുണ്ട്.  അവിടെ ട്രീറ്റ് ചെയ്തു കഴിയുന്നതിന്റെ അവശിഷ്ടങ്ങൾ നീക്കം ചെയ്യാൻ കഴിയുന്നില്ല, വലിയ കൂമ്പാരമായി അത് മാറിക്കൊണ്ടിരിക്കുകയാണ്. വളത്തിനായി അത് ഉപയോഗിക്കാം. കൃഷി വകുപ്പുമായി ചേർന്ന് അത് ഫലപ്രദമായി ഉപയോഗിക്കുന്ന പദ്ധതിയെ സംബന്ധിച്ച് ആലോചിക്കുന്നതാണ്.

<u>ശ്രീ. കെ. കൃഷ്ണൻകുട്ടി</u>: സർ, നദീജല സംരക്ഷണമാണ് വളരെ പ്രധാനം. 2015-ൽ ഭാരതപ്പുഴയുടെ സ്രോതസ്സിൽ  2 ഡാമുകൾ കെട്ടി അൺ കൺട്രോളൾഡ് ഫ്ലഡ് ആയി വരുന്ന വെള്ളം തിരിച്ചുവിട്ടു.  ഇപ്പോഴും ഒരു ഡാം കെട്ടിക്കൊണ്ടിരിക്കുകയാണ്. അത് വന്നാൽ ഭാരതപ്പുഴയിൽ

അൺകൺട്രോൾഡ് ഫ്ലഡ് ആയി വരുന്ന വെള്ളം ഇല്ലാത്ത അവസ്ഥ വരും. ഇത് ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഈ മൂന്ന് ഡാമുകളുടെയും കാര്യത്തിൽ എന്ത് നടപടി സ്വീകരിച്ചു?

ശ്രീ. മാത്യു ടി. തോമസ്: സർ, 2015-ൽ നടന്ന നിർമ്മാണ പ്രവൃത്തികളെ സംബന്ധിച്ച് അന്നത്തെ ഗവൺമെന്റിന്റെ കാലഘട്ടത്തിൽ തന്നെ ചില എഴുത്തുകുത്തുകൾ നടന്നിട്ടുള്ളതായി ഫയലുകളിൽ കാണുന്നുണ്ട്. പക്ഷേ ആ പ്രവൃത്തികൾ പൂർത്തീകരിച്ചു. അത് തമിഴ്നാടിന് അവകാശപ്പെട്ടതാണെന്ന നിലപാടിലാണ് അവർ നിൽക്കുന്നത്. ഇപ്പോൾ നടന്നുകൊണ്ടിരിക്കുന്ന പ്രവൃത്തി നിർത്തിവയ്ക്കണമെന്ന് കാണിച്ച് ബഹുമാനപ്പെട്ട മുഖ്യമന്ത്രി തന്നെ കത്ത് അയച്ചിട്ടുണ്ട്. ആ കത്തിൽ തന്നെ അവസാനിപ്പിക്കാൻ ഉദ്ദേശിക്കുന്നില്ല. നിലവിൽ സുപ്രീം കോടതിയിലിരിക്കുന്ന O.S.No.2 എന്ന കേസിൽ ഒരു പ്രത്യേക നിവൃത്തിയായി അത് കൂടി കൂട്ടിച്ചേർത്ത് ആ കേസിലെ പ്ലെയിന്റ് അമെന്റ് ചെയ്യാനുള്ള നിർദ്ദേശം ബന്ധപ്പെട്ട അഭിഭാഷകർക്ക് നൽകിയിട്ടുണ്ട്.

ശ്രീ. എൻ. ഷംസുദ്ദീൻ: ഹരിത കേരളം മിഷന്റെ ഭാഗമായി കുളങ്ങളും കിണറുകളുമൊക്കെ നവീകരിക്കുമെന്ന് പറഞ്ഞെങ്കിലും അതിൽ കാര്യമായ പുരോഗതിയുണ്ടായിട്ടില്ല. അതിന്റെ കണക്ക് വ്യക്തമാക്കുമോ? കഴിഞ്ഞ വർഷം

ഈ ചർച്ച സജീവമായി വന്നൊരു ഘട്ടത്തിൽ എം.എൽ.എ.-മാരുടെ ഭാഗത്തു നിന്ന് ഒരു നിർദ്ദേശം ഉയർന്നുവന്നിരുന്നു. ഒരു ഗ്രാമത്തിലെ ഏറ്റവും പ്രധാനപ്പെട്ട ജലസംഭരണി എന്നുപറയുന്നത് അവിടത്തെ ക്ഷേത്രക്കുളമോ പള്ളിക്കുളമോ ഒക്കെ ആയിരിക്കാം. പക്ഷേ എം.എൽ.എ.-മാരുടെ ആസ്തി വികസന ഫണ്ട് ഉപയോഗിച്ച് അവ നവീകരിക്കാനോ സംരക്ഷിക്കാനോ കഴിയാത്തൊരു സ്ഥിതി ഉണ്ട്. അതുകൊണ്ട് ഒരു പൊതുകാര്യമെന്ന പരിഗണന കൊടുത്ത് ക്ഷേത്രക്കുളങ്ങളും പള്ളിക്കുളങ്ങളും നവീകരിക്കുന്നതിന് എം.എൽ.എ. ഫണ്ട് ഉപയോഗിക്കാനുള്ള അനുമതി വേണമെന്ന തരത്തിലുള്ള ചർച്ച നടക്കുകയും അന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി ആ ചർച്ചയിൽ ഇടപെട്ടുകൊണ്ട് പോസിറ്റീവായിത്തന്നെ അത് പരിഗണിക്കാമെന്ന് പറയുകയും ചെയ്തിരുന്നു. എന്നാൽ ഇത്തരം ആവശ്യങ്ങളുമായി ധാരാളം ആളുകൾ ഞങ്ങളെ സമീപിക്കുമ്പോൾ ഇപ്പോഴും അതിന് അനുകൂലമായ ഒരു ഉത്തരവ് ഉണ്ടായിട്ടില്ലെന്ന കാര്യം അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; അങ്ങനെയാണെങ്കിൽ അടിയന്തരമായി അത് നൽകണം. കാരണം ക്ഷേത്രക്കുളങ്ങളും പള്ളിക്കുളങ്ങളുമൊക്കെ ജീർണ്ണിച്ച് കിടക്കുകയാണ്. ഒരു കുളം നന്നാക്കിയെടുക്കണമെങ്കിൽ പത്തിരുപത്തിയഞ്ച് ലക്ഷം രൂപ വേണ്ടിവരും.

അത് എം.എൽ.എ. ഫണ്ട് കൊണ്ട് കഴിയില്ല, അസറ്റ് ഫണ്ട് തന്നെ വേണം. അതിനാൽ അസറ്റ് ഫണ്ട് ഉപയോഗിക്കാനുള്ള അനുമതി നൽകുമോ എന്നതാണ് എന്റെ ചോദ്യം?

ശ്രീ. മാത്യു ടി. തോമസ്: സർ, ബഹുമാനപ്പെട്ട അംഗം ആദ്യം ചോദിച്ച ചോദ്യം കുളങ്ങൾ നവീകരിച്ചതിന്റെയും തോടുകളും നദികളും വൃത്തിയാക്കിയതിന്റെയും കൃത്യമായ കണക്കാണ്. അത് ഇപ്പോൾ കൈവശമില്ല. പക്ഷേ പല ചോദ്യങ്ങൾക്കും ഉത്തരമായി ഈ സഭയിൽ തന്നെ അത് അവതരിപ്പിച്ചിട്ടുണ്ട്. ചോദ്യത്തിന്റെ നമ്പർ ഞാൻ കൃത്യമായി പറഞ്ഞു തരാം. ഇന്നുതന്നെ ചോദ്യത്തിന് മറുപടിയായി ഉണ്ടെന്നാണ് എനിക്ക് തോന്നുന്നത്. ആസ്തി വികസന ഫണ്ട് ഉപയോഗിക്കുന്നതിനെ സംബന്ധിച്ച് ജലവിഭവ വകുപ്പിന് മാത്രമായി ഒരു തീരുമാനം പറയാൻ കഴിയില്ലെന്ന് അങ്ങേയ്ക്കുതന്നെ അറിയാം. ധനകാര്യ വകുപ്പും ബന്ധപ്പെട്ടവരുമാണ് പറയേണ്ടത്. പക്ഷേ ഇക്കാര്യത്തിൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രി സഭയിൽ നല്കിയ ഉറപ്പിന്റെ അടിസ്ഥാനത്തിൽ തുടർ നടപടികൾ സ്വീകരിക്കുമെന്ന കാര്യത്തിൽ സംശയം വേണ്ട.

ശ്രീ. കെ. വി. അബ്ദുൾ ഖാദർ: സർ, പൊന്നാനി മുതൽ ചേറ്റുവ വരെയുള്ള

കനാലിന്റെ ശുചീകരണം സംബന്ധിച്ച് ബഹുമാനപ്പെട്ട സ്പീക്കർ വിളിച്ചുചേർത്ത യോഗത്തിൽ ബഹുമാനപ്പെട്ട വകുപ്പുമന്ത്രിയും പങ്കെടുത്തിരുന്നു. പക്ഷേ അതിന്റെ തുടർ നടപടികൾ വേണ്ടത്ര മുന്നോട്ട് പോയിട്ടില്ല. പൊന്നാനി, ചാവക്കാട് നഗരസഭയൊക്കെ നവീകരണത്തിനുവേണ്ട ശ്രമങ്ങൾ നടത്തുന്നുണ്ട്. ബഹുമാനപ്പെട്ട സ്പീക്കർ മുൻകയ്യെടുത്ത് വെളിയങ്കോട് ലോക്ക് നിർമ്മാണത്തിനുള്ള പദ്ധതിയുമായി മുന്നോട്ടുപോകുന്നുണ്ട്. നവീകരണത്തിനാവശ്യമായ പദ്ധതികൾ ത്വരിതപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ?

<u>ശ്രീ. മാത്യു ടി. തോമസ്</u>: സർ, നദികളുടെ പുനരുജ്ജീവന പ്രവർത്തനങ്ങളിലും മാലിന്യങ്ങൾ നീക്കം ചെയ്യലിലും ജനപങ്കാളിത്തത്തോടെയുള്ള മുന്നേറ്റമുണ്ടാകുമ്പോൾ വകുപ്പ് സാങ്കേതിക സഹായങ്ങൾ നൽകുന്നതാണ്. അത്തരത്തിലുള്ള ഒരു ജനമുന്നേറ്റത്തിന് നാന്ദി കുറിക്കുന്ന ഒരു യോഗമാണ് ബഹുമാനപ്പെട്ട സ്പീക്കറുടെ നേതൃത്വത്തിൽ നടന്നത്. അത്തരത്തിലുള്ള സാങ്കേതിക സഹായം നൽകുന്നതിന് ഗവൺമെന്റിന് യാതൊരു വൈമുഖ്യവും ഉണ്ടാകുകയില്ല. അന്ന് കൂടിയ യോഗ തീരുമാനത്തിന്റെ അടിസ്ഥാനത്തിലുള്ള തുടർ നടപടികൾ സ്വീകരിക്കുന്നതിന്

ബുദ്ധിമുട്ടില്ല.

<u>ശ്രീ. അനൂപ് ജേക്കബ്</u>: സർ, എറണാകുളം, കോട്ടയം, ആലപ്പുഴ ജില്ലകളിലേയ്ക്ക് ഏറ്റവും കൂടുതൽ കുടിവെള്ളം കൊണ്ടുപോകുന്നത് മൂവാറ്റുപുഴയാറിൽ നിന്നാണ്. മൂവാറ്റുപഴയാർ അങ്ങയുടെ ശ്രദ്ധയിലുള്ളതാണ്. ഇന്നിവിടെ പരാമർശിക്കപ്പെട്ടതുപോലെ പ്ലാസ്റ്റിക് മാലിന്യങ്ങളും അറവ് മാലിന്യങ്ങളും നിക്ഷേപിച്ച് മൂവാറ്റുപുഴയാറിനെ മലിനമാക്കുകയാണ്. അതിന്റെ ക്ലീനിംഗ് പ്രോസസ് എൻ.ജി.ഒ.-കൾ ഉൾപ്പെടെ ഏറ്റെടുത്ത് നടത്തുന്നുണ്ട്. അവിടെ സാമ്പത്തിക പരിമിതി പ്രധാനപ്പെട്ട പ്രശ്നമായി വരുന്നുണ്ട്. പിറവം പുഴ സംരക്ഷിക്കാൻ കഴിയുന്ന നിലയിൽ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുമായി ബന്ധപ്പെട്ട് സാമ്പത്തിക സഹായം കൊടുക്കണം. ഇവിടെ ഉയർന്നുവന്ന പ്രധാനപ്പെട്ട വിഷയം, പുഴകൾ മലിനമാക്കപ്പെടുന്നവർക്കെതിരെയുള്ള നടപടികൾ പേരിന് മാത്രമായി ഒതുങ്ങുന്നു എന്നുള്ളതാണ്. ഇത്തരക്കാർക്കെതിരെ കർശനമായ നിയമ നടപടികൾ സ്വീകരിക്കാൻ ഗവൺമെന്റ് ശ്രദ്ധിക്കുമോ; അതുസംബന്ധിച്ച് ഏത് തരത്തിൽ മുന്നോട്ട് പോകാനാണ് ഗവൺമെന്റ് ഉദ്ദേശിക്കുന്നത്?

<u>ശ്രീ. മാത്യു ടി. തോമസ്</u>: സർ, ഇപ്പോൾത്തന്നെ ആവശ്യത്തിനുള്ള നിയമ

വ്യവസ്ഥകളുണ്ട്. പഞ്ചായത്ത് രാജ് നിയമത്തിലെ സെക്ഷൻ 219 (s), മുനിസിപ്പാലിറ്റി ആക്ടിന്റെ 340 (a), Water Prevention and Control of Pollution Act-ന്റെ ബന്ധപ്പെട്ട സെക്ഷനുകൾ എന്നിവയിൽ ശിക്ഷ വ്യവസ്ഥ ചെയ്യുന്നുണ്ട്. എന്നാൽത്തന്നെ കൂടുതൽ കർക്കശമായ ശിക്ഷാ വ്യവസ്ഥകൾ സംസ്ഥാനത്ത് ഉണ്ടാകണമെന്ന് ഗവൺമെന്റ് കണ്ടെത്തിയിട്ടുണ്ട്. അതിന്റെ അടിസ്ഥാനത്തിൽ Kerala Irrigation and Water Conservation Act, 2003-ൽ ചില ഭേദഗതി വരുത്തിക്കൊണ്ട് ഓർഡിനൻസ് പുറപ്പെടുവിച്ചിട്ടുണ്ട്. ജലസ്രോതസ്സുകളിലേയ്ക്ക് മാലിന്യം വലിച്ചെറിഞ്ഞാൽ 3 വർഷം വരെ തടവോ 2 ലക്ഷം രൂപ പിഴയോ നിഷ്കർഷിക്കുന്ന പുതിയ വ്യവസ്ഥ ഓർഡിനൻസിലൂടെ പുറപ്പെടുവിച്ചിട്ടുണ്ട്. അതിന് തത്തുല്യമായ ബിൽ നാളെ സഭയുടെ ചർച്ചയ്ക്ക് വരുന്നതാണ്.

ശ്രീ. എൻ. ഷംസുദ്ദീന്റെ ചോദ്യത്തിനുള്ള ഉത്തരം നൽകുകയാണ്. ഹരിത കേരളം പദ്ധതിയിൽ ഇതിനോടകം 5104 കുളങ്ങൾ പുതിയതായി നിർമ്മിക്കുകയും 11023 കുളങ്ങൾ പുനരുജ്ജീവിപ്പിക്കുകയും പുതിയതായി 10077 കിണറുകൾ നിർമ്മിക്കുകയും 4495 കിണറുകൾ പുനരുജ്ജീവിപ്പിക്കുകയും 30783 കിണറുകൾ റീ ചാർജ്ജ് ചെയ്യുകയും

ചെയ്തിട്ടുണ്ട്. തോടുകൾ, നദികൾ എന്നിവ പുനരുജ്ജീവിപ്പിച്ചത് 9195 കിലോമീറ്റർ ആണ്.

ശ്രീ. രാജു എബ്രഹാം: സർ, വിവിധ ലോകസംസ്കാരങ്ങൾ പിച്ചവച്ചതും പടുത്തുയർത്തപ്പെട്ടതും നദീതടങ്ങളിലൂടെയായിരുന്നു. ഇന്ന് ലോകത്തിലെ ഏറ്റവും വലിയ നദികളായ മിസിസിപ്പി, ചൈനയിലെ യെല്ലോ റിവർ, ഇൻഡ്യയിലെ ഗംഗ, പമ്പ, എന്റെ നിയോജകമണ്ഡലത്തിലെ വലിയതോട് അങ്ങനെ ഏത് ആണെങ്കിലും ഒരു ഭാഗത്ത് പ്ലാസ്റ്റിക് മാലിന്യങ്ങളും മറുഭാഗത്ത് വ്യവസായ മാലിന്യങ്ങളും നിറഞ്ഞിരിക്കുകയാണ്. സംസ്ഥാനത്ത് ഉദ്ദേശം 500 ടൺ മാലിന്യം വീടുകളിൽ നിന്നും കടകളിൽ നിന്നും പ്രതിദിനം വലിച്ചെറിയുകയാണ്. അതിനെതിരെ ഇവിടെ നിയമമുണ്ട്. ആ നിയമത്തോടൊപ്പം വിവിധ തലങ്ങളിലുള്ള ബോധവത്കരണമാണ് ഏറ്റവും പ്രധാനപ്പെട്ടത്. ഏതെല്ലാം മാർഗ്ഗങ്ങളിലൂടെ ബോധവത്കരണം നടത്താനുള്ള പദ്ധതികളാണ് ആവിഷ്കരിച്ചിരിക്കുന്നത്?

ശ്രീ. മാത്യു ടി. തോമസ്: സർ, ഇറിഗേഷൻ വകുപ്പിന്റെയും ജലനിധിയുടെയും നിരവധി ബോധവത്കരണ സംവിധാനങ്ങളുണ്ട്. സ്കൂളുകളിൽ ക്ലബ്ബുകൾ പ്രവർത്തിക്കുന്നുണ്ട്. അവയുടെ വിശദാംശങ്ങൾ ഇന്നത്തെ

മറുപടിയിൽ വന്നിട്ടുണ്ട്. ചർച്ചാ ക്ലാസ്സുകൾ നടത്തുന്നുണ്ട്. പലയിടത്തും പുഴ നടത്തങ്ങൾ നടപ്പിലാക്കിയിട്ടുണ്ട്. ഇതൊക്കെ ബോധവത്കരണത്തിന്റെ ഭാഗമായിട്ടുള്ളതാണ്. പൊതുസമൂഹത്തിൽ ജലാശയങ്ങൾ സംരക്ഷിക്കപ്പെടേണ്ടവയാണെന്ന ബോധ്യം കൂടുതൽ വളർത്തിയെടുക്കേണ്ടതുണ്ട്. ഇവിടെ ഉയർന്നുവന്ന പുതിയ വാക്കായ ജലസാക്ഷരത നമുക്കാവശ്യമാണ്. കൂടുതൽ ശിക്ഷ നിഷ്കർഷിച്ചുകൊണ്ട് നാളെ സഭയിൽ ബിൽ കൊണ്ടുവന്ന് പാസ്സാക്കുകയാണ്. അതുകൊണ്ട് കുറച്ചധികം ആളുകളെ ശിക്ഷിക്കുക എന്നുള്ളതല്ല ഉദ്ദേശ്യം. ജലാശയങ്ങൾ മലിനപ്പെടുത്തുന്നത് ഒരു കുറ്റമായി പൊതുസമൂഹം സ്വീകരിക്കണം. അങ്ങനെ സ്വീകരിക്കാൻ തക്കവിധത്തിൽ വകുപ്പുതലത്തിൽ ക്രമീകരിച്ചിരിക്കുന്ന പ്രചരണങ്ങളായ ബോധവത്കരണ ക്ലാസ്സുകൾ, സ്കൂളുകളിലെ ക്ലബ്ബുകൾ എന്നിവയോടൊപ്പം നാമെല്ലാവരും ഉത്തരവാദിത്വം ഏറ്റെടുക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടത്തി പുതിയ ജലസാക്ഷരതയിലേയ്ക്ക് സംസ്ഥാനത്തെ എത്തിക്കുന്നതിനുള്ള കൂട്ടായ പ്രവർത്തനമാണ് ആവശ്യം.

<u>ശ്രീ. കെ. മുരളീധരൻ</u>: സർ, കരമനയാർ, കിള്ളിയാർ എന്നിവയുടെ ഒഴുക്ക് തടസ്സപ്പെടുത്തുന്നതിന്റെ മുഖ്യകാരണം അനധികൃതമായ കയ്യേറ്റങ്ങളാണ്.

മാലിന്യങ്ങൾ വലിച്ചെറിയുന്നതുപോലെ അനധികൃത കയ്യേറ്റങ്ങളും നദികളുടെ ഒഴുക്ക് തടസ്സപ്പെടുത്തുകയാണ്. ഇതിനെതിരെ പലപ്പോഴും കർശനമായ നടപടികൾ സ്വീകരിക്കുന്നില്ല. ഇതുസംബന്ധിച്ച് ഞാൻ രണ്ടുമൂന്ന് തവണ ഡിപ്പാർട്ടുമെന്റിലേയ്ക്ക് കത്ത് അയച്ചപ്പോൾ കയ്യേറ്റം ഒഴിപ്പിച്ച് തരാനാണ് മറുപടി നൽകിയത്. കർശനമായ നടപടി സ്വീകരിച്ച് അനധികൃത കയ്യേറ്റക്കാരെ ഒഴിപ്പിച്ച് നദികളുടെ ഒഴുക്ക് സുഗമമാക്കാനുള്ള നടപടി ഗവൺമെന്റ് സ്വീകരിക്കുമോ?

ശ്രീ. മാത്യു ടി. തോമസ്: സർ, ഒരുതരത്തിലും പുതിയ കയ്യേറ്റങ്ങൾ അനുവദിക്കരുതെന്നുള്ളതാണ് ഇക്കാര്യത്തിൽ ആദ്യം സ്വീകരിക്കാൻ കഴിയുന്നത്. നിലവിലുള്ള കയ്യേറ്റങ്ങൾ നിലനിൽക്കട്ടെയെന്നല്ല അതിനർത്ഥം. പുതിയ കയ്യേറ്റങ്ങളെ കർശനമായി തടയുകയും ഒഴുക്കിനെ തടസ്സപ്പെടുത്തുന്ന കയ്യേറ്റങ്ങൾ ഘട്ടംഘട്ടമായി ഒഴിപ്പിക്കുകയും ചെയ്യുന്ന സമീപനമാണ് നമുക്കുണ്ടാകേണ്ടത്. ഇപ്പോൾ സംസ്ഥാനത്ത് ജലപാത നിർമ്മിക്കുന്നതുമായി ബന്ധപ്പെട്ട ആലോചന വരുമ്പോൾ ഏറ്റവും വലിയ പ്രശ്നം കയ്യേറ്റങ്ങളാണ്. ജലപാത നിർമ്മാണവുമായി ബന്ധപ്പെട്ട് കയ്യേറ്റങ്ങൾ ഒഴിപ്പിച്ചാൽ മാത്രമേ ആ പദ്ധതി മുന്നോട്ട് കൊണ്ടുപോകാൻ സാധിക്കുകയുള്ളൂ. ആ ഘട്ടത്തിൽ നദികൾ

ശുചിയാക്കുന്നത് ഉൾപ്പെടെയുള്ള പ്രവർത്തനങ്ങൾ ഏറ്റെടുക്കാവുന്നതാണ്.

ലഹരി വർജ്ജന ബോധവൽക്കരണ പ്രവർത്തനങ്ങൾ

(*63) ശ്രീ. എ. പി. അനിൽകുമാർ:
ശ്രീ. അനിൽ അക്കര:
ശ്രീ. ഷാഫി പറമ്പിൽ:
ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ശക്തമായ ബോധവൽക്കരണ പ്രവർത്തനങ്ങളിലൂടെ സംസ്ഥാനത്തെ സമ്പൂർണ്ണ ലഹരി വിമുക്തമാക്കുമെന്ന പ്രഖ്യാപനം പ്രാവർത്തികമാക്കിയിട്ടുണ്ടോ; എങ്കിൽ അതിനായി സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് വെളിപ്പെടുത്തുമോ;

(ബി) മദ്യം, മയക്കുമരുന്ന് എന്നിവയുടെ വ്യാപനം തടയുന്നതിനായി എക്സൈസ് കമ്മീഷണറുടെ നേതൃത്വത്തിൽ രൂപീകരിച്ച സ്ക്വാഡിന്റെയും എക്സൈസ് ഷാഡോ സംവിധാനത്തിന്റെയും പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോ;

(സി) സംസ്ഥാനം ലഹരി മരുന്ന് വ്യാപാരത്തിന്റെ ഹബ്ബായി മാറിയിക്കുന്നുവെന്ന വാർത്ത ഗൗരവമായി പരിഗണിച്ചിട്ടുണ്ടോ; എങ്കിൽ

ഇക്കാര്യത്തിൽ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയാണെന്ന് അറിയിക്കുമോ;

(ഡി) മദ്യവർജ്ജനത്തിന് ഊന്നൽ നൽകിയും മയക്കുമരുന്നുകളുടെ ഉപഭോഗം പൂർണ്ണമായും ഇല്ലാതാക്കുന്നതിന് ലക്ഷ്യമിട്ടുമുള്ള വിമുക്തി പദ്ധതി വിജയപ്രദമാണോ; ഇതിലൂടെ മദ്യത്തിന്റെയും മയക്കുമരുന്നിന്റെയും ഉപഭോഗത്തിൽ കുറവ് വന്നതായി കണ്ടെത്തിയിട്ടുണ്ടോ; വിശദാംശം നൽകുമോ?

തൊഴിലും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. റ്റി. പി. രാമകൃഷ്ണൻ): സർ,

(എ) മദ്യവർജ്ജന പ്രവർത്തനങ്ങളിലൂടെ ലഹരിമുക്ത കേരളം സൃഷ്ടിക്കുക എന്ന ലക്ഷ്യത്തോടെ, കേരള സംസ്ഥാന ലഹരി വർജ്ജന മിഷൻ 'വിമുക്തി' ശക്തമായ ബോധവത്കരണ പ്രവർത്തനങ്ങൾ നടത്തിവരുന്നു. ലഹരിക്കെതിരെ കായിക ലഹരി എന്ന സന്ദേശം ഉയർത്തിപ്പിടിച്ചുകൊണ്ട് കുട്ടികളെയും യുവാക്കളെയും കായികരംഗത്തേയ്ക്ക് കൈപിടിച്ച് നയിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ഇതിന്റെ ഭാഗമായി ഊർജ്ജിതപ്പെടുത്തിയിട്ടുണ്ട്. ലഹരിക്ക് അടിമപ്പെട്ടവരെ ചികിത്സയിലൂടെയും കൗൺസിലിംഗിലൂടെയും സാധാരണ ജീവിതത്തിലേയ്ക്ക്

മടക്കിക്കൊണ്ടുവരുന്നതിന് പതിനാല് ജില്ലകളിലും ആരോഗ്യ വകുപ്പിന്റെ സഹകരണത്തോടെ ഡീ-അഡിക്ഷൻ സെന്ററുകൾ ആരംഭിക്കുന്നതിനുള്ള പ്രാരംഭ നടപടികൾ കൈക്കൊണ്ടിട്ടുണ്ട്. സംസ്ഥാനത്ത് രണ്ടിടങ്ങളിലായി രാവിലെ എട്ടുമണി മുതൽ രാത്രി എട്ടുമണിവരെ ടോൾ ഫ്രീ നമ്പറിലുള്ള ടെലിഫോൺ വഴിയും ആവശ്യമെങ്കിൽ നേരിട്ടും കൗൺസിലിംഗ് ലഭ്യമാകുന്ന തരത്തിൽ രണ്ട് കൗൺസിലിംഗ് സെന്ററുകൾ ആരംഭിക്കുന്നതിനും ഉദ്ദേശിക്കുന്നു. കോഴിക്കോട് ജില്ലയിലെ കിനാലൂരിൽ നിംഹാൻസ് മാതൃകയിൽ അന്താരാഷ്ട്ര നിലവാരമുള്ള ഒരു ഡീ-അഡിക്ഷൻ സെന്റർ ആരംഭിക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു.

(ബി) വിലയിരുത്തിയിട്ടുണ്ട്. മദ്യം, മയക്കുമരുന്ന് എന്നിവയുടെ വ്യാപനം തടയുന്നതിനായി എക്സൈസ് കമ്മീഷണറുടെ നേതൃത്വത്തിൽ രൂപീകരിച്ച സ്ക്വാഡിന്റെയും എക്സൈസ് ഷാഡോ സംവിധാനത്തിന്റെയും പ്രവർത്തനം തൃപ്തികരമാണ്. ഷാഡോ എക്സൈസ് വിഭാഗത്തിൽപ്പെട്ട ഉദ്യോഗസ്ഥരുടെ ആത്മാർത്ഥതമായ പരിശ്രമത്തിന്റെ ഫലമായി മദ്യം, മയക്കുമരുന്ന് എന്നിവയുടെ വ്യാപനം സംബന്ധിച്ച പരാതികൾ നിലനിൽക്കുന്ന സ്ഥലങ്ങളിലും മറ്റ് സ്ഥലങ്ങളിലും രഹസ്യ നിരീക്ഷണം നടത്തി കുറ്റക്കാരെ

കണ്ടെത്തി ഇത്തരം കുറ്റകൃത്യങ്ങൾ അമർച്ചചെയ്യുന്നതിന് കഴിയുന്നുണ്ട്.

(സി) സംസ്ഥാനം ലഹരി മരുന്ന് വ്യാപാരത്തിന്റെ ഹബ്ബായി മാറിയിട്ടില്ല. ലഹരി മരുന്ന് വ്യാപനം തടയുന്നതിനായി വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ പരിസരം, ബസ് സ്റ്റാന്റുകൾ, റെയിൽവേ സ്റ്റേഷനുകൾ, ഇതരസംസ്ഥാന തൊഴിലാളികൾ തിങ്ങിപ്പാർക്കുന്ന സ്ഥലങ്ങൾ, കോളനികൾ, വിനോദ സഞ്ചാര കേന്ദ്രങ്ങൾ തുടങ്ങിയവ കേന്ദ്രീകരിച്ച് രഹസ്യ നിരീക്ഷണം നടത്തി, മയക്കുമരുന്നുകളുടെ ഉപഭോഗം, വില്പന എന്നിവ സംബന്ധിച്ച കുറ്റകൃത്യങ്ങൾ തടയുന്നതിന് ശക്തമായ നടപടികൾ സ്വീകരിച്ചുവരുന്നു. ആയതിന്റെ ഫലമായി നിരവധി മേജർ എൻ.ഡി.പി.എസ്. കേസ്സുകളും അബ്കാരി കേസ്സുകളും കണ്ടെത്താൻ കഴിഞ്ഞിട്ടുണ്ട്.

(ഡി) വിജയപ്രദമാണ്. വിമുക്തി മിഷൻ നടത്തിവരുന്ന ലഹരി വർജ്ജന ബോധവൽക്കരണ പ്രവർത്തനങ്ങൾ സമൂഹത്തിൽ ശ്രദ്ധേയമായ മാറ്റത്തിന് സഹായിച്ചിട്ടുണ്ട്. ലഹരി പദാർത്ഥങ്ങളുടെ ഉപഭോഗത്തിൽ കുറവ് വന്നതായി കണ്ടെത്തിയിട്ടുണ്ട്. ഈ ദിശയിലുള്ള പ്രവർത്തനങ്ങൾ കൂടുതൽ ശക്തിപ്പെടുത്താൻ ഉദ്ദേശിക്കുന്നുണ്ട്.

<u>ശ്രീ. എ. പി. അനിൽ കുമാർ</u>: സർ, മദ്യം, മയക്കുമരുന്ന് എന്നിവയുടെ

വ്യാപനം തടയുന്നതിന് ശക്തമായ നടപടികളെടുക്കുന്നതിനെക്കുറിച്ചും ലഹരി വർജ്ജന ബോധവൽക്കരണ പ്രവർത്തനങ്ങളെക്കുറിച്ചുമാണ് ബഹുമാനപ്പെട്ട മന്ത്രി ഇവിടെ പറഞ്ഞത്. അതേസമയം മദ്യവും മയക്കുമരുന്നും യഥേഷ്ടം ലഭ്യമാക്കാനുള്ള നടപടിയും ഗവൺമെന്റ് എടുത്തുകൊണ്ടിരിക്കുകയാണ്. യഥാർത്ഥത്തിൽ ഗവൺമെന്റ് ഇരയോടൊപ്പമാണോ വേട്ടക്കാരനോടൊപ്പമാണോയെന്ന് ചോദിച്ചാൽ അതിന് ഉത്തരം പറയാൻ കഴിയാത്ത സാഹചര്യമാണ്. പൊതുസ്ഥലങ്ങളിൽ മദ്യപാനം നടത്തുന്ന കാര്യങ്ങളിൽ എക്സൈസ് ഉദ്യോഗസ്ഥർ ശക്തമായ ഇടപെടലുകൾ കഴിഞ്ഞ കാലത്ത് നടത്തിയിരുന്നു. പൊതുസ്ഥലങ്ങളിൽ മദ്യപാനം നടത്തുന്നുണ്ടെങ്കിൽ അവിടെ ഇടപെടൽ നടത്തേണ്ട എന്ന നിർദ്ദേശം ഇപ്പോൾ എക്സൈസ് വകുപ്പുതന്നെ താഴെത്തട്ടിലുള്ള ഉദ്യോഗസ്ഥർക്ക് നൽകിയതായി അറിയുന്നു. ചെറിയ തോതിൽ വിദേശ മദ്യ വിൽപ്പനയും വ്യാജ വാറ്റുമൊക്കെ നടത്താൻ സഹായിക്കുന്ന ഒരു നിലപാടാണിത്. അതുകൊണ്ട് ഇത്തരം കാര്യങ്ങളിൽ ശക്തമായ നിലപാട് എടുത്തുകൊണ്ട് ഇത് നിയന്ത്രിക്കുന്നതിന് എക്സൈസ് ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നൽകാൻ ഗവൺമെന്റ് നടപടി സ്വീകരിക്കുമോ?

<u>ശ്രീ. റ്റി. പി. രാമകൃഷ്ണൻ</u>: സർ, എക്സൈസ് വകുപ്പ് നടത്തുന്ന

എൻഫോഴ്സ്മെന്റ് വർക്ക് എങ്ങനെയുണ്ടെന്നുള്ളതുകൂടി പരിഗണിച്ചുവേണം ആ വകുപ്പിന്റെ പ്രവർത്തനത്തെ വിലയിരുത്തേണ്ടത്. പൊതുസ്ഥലങ്ങളിൽ മദ്യപാനം നടത്തുന്നതിനെ ഒരുതരത്തിലും പ്രോത്സാഹിപ്പിക്കുന്ന നടപടി ഗവൺമെന്റ് സ്വീകരിക്കുന്നില്ല. എന്തോ തെറ്റിദ്ധാരണയാണ് അതിന് ഉപോത്ബലമായി പറയാൻ ഇടവന്നതെന്നാണ് തോന്നുന്നത്. അത്തരം പരാതി ലഭിച്ചാൽ പരിശോധന നടത്തി ആവശ്യമായ നിലപാട് സ്വീകരിക്കുന്നതാണ്. എൻഫോഴ്സ്മെന്റുമായി ബന്ധപ്പെട്ട കാര്യങ്ങൾ പരിശോധിക്കുമ്പോൾ 2016 ജൂൺ 1 മുതൽ 2018 മേയ് 31 വരെയുള്ള ഈ ഗവൺമെന്റിന്റെ കാലയളവിൽ 41690 അബ്കാരി കേസുകളും 10929 എൻ.ഡി.പി.എസ്. കേസുകളും 141757 പുകയില കേസുകളും (COTPA) രജിസ്റ്റർ ചെയ്ത് നടപടി സ്വീകരിച്ചിട്ടുണ്ട്. ഈ പരിപാടി വളരെ ശക്തമായി നടത്താനാണ് ഉദ്ദേശിക്കുന്നത്. ലഹരി വർജ്ജനത്തെ ലക്ഷ്യം വച്ചുകൊണ്ട് നിരവധി പദ്ധതികൾ ആവിഷ്കരിച്ച് മുന്നോട്ട് പോകുന്നുണ്ട്. എല്ലാവരുടെയും സഹകരണമാണ് ഇക്കാര്യത്തിൽ ആവശ്യമായി വന്നിരിക്കുന്നത്. കേരളത്തിൽ സ്കൂൾ, കോളേജ് തലങ്ങളിൽ ലഹരിവിരുദ്ധ ക്ലബ്ബുകൾ രൂപീകരിച്ച് പ്രവർത്തിക്കുന്നുണ്ട്. കോളേജ് തലത്തിൽ 511-ഉം സ്കൂൾ തലത്തിൽ 2761-ഉം

ഉൾപ്പെടെ 3272 ലഹരി വിരുദ്ധ ക്ലബ്ബുകൾ ഇതിനകം രൂപീകരിക്കുകയും 13000 ബോധവൽക്കരണ ക്ലാസുകൾ സംഘടിപ്പിക്കുകയും ചെയ്തിട്ടുണ്ട്. ഇതിൽ 630 ക്ലാസുകളിൽ എക്സൈസ് കമ്മീഷണർ തന്നെ നേരിട്ട് ഇടപെട്ടിട്ടുണ്ട്. ലഹരി വർജ്ജനത്തിന് എക്സൈസ് വകുപ്പ് എത്രത്തോളം മുൻകയ്യെടുത്ത് പ്രവർത്തിക്കുന്നുവെന്നുള്ളത് ഈ അനുഭവത്തിലൂടെ വ്യക്തമാകുന്നതാണ്.

ശ്രീ. എ. പി. അനിൽ കുമാർ: സർ, ഈ ഗവൺമെന്റ് വന്നതിനുശേഷം എത്ര ബാറുകൾക്ക് പുതിയതായി അനുമതി കൊടുത്തുവെന്നുള്ളത് ഒറ്റ വാക്കിൽ അങ്ങേയ്ക്ക് പറയാൻ കഴിയുമോ?

ശ്രീ. റ്റി. പി. രാമകൃഷ്ണൻ: സർ, 86 പുതിയ ബാറുകൾക്ക് അനുവാദം കൊടുത്തിട്ടുണ്ട്.

(ചോദ്യോത്തരസമയം കഴിഞ്ഞു.)